14

മേയ്
2025
ബുധൻ

ജാലകം

ESTABLISHED 1888

മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷന്റെ പരിശീലനപത്രം | 4 പേജ് | വാല്യം 5 ലക്കം 22 | കോട്ടയം | സ്വകാര്യ വിതരണത്തിനു മാത്രം

(ഇടത്തു നിന്ന് വലത്തോട്ട്) ഗോപിക മനോജ്, കാവ്യ പടിയത്ത്, സാറ ജോസ്, നന്ദന സതീഷ്, ആരതി എൻ അജി, അമൽ ജോസഫ് ബാബു, വൈഷ്ണവി ഡി മംഗളം, രേഷ്മ രവി, അസ്ന അഷ്റഫ്, മാളവിക എം നായർ, അൻസില ഡിക്സൺ, മയൂരി തിവാരി, പാർവതി രാജീവ്, നിഖിൽ കെ സജിത്ത്, ആദർശ് പി, അമല അനിൽ, ഗോപിക ജി, നിള സതീഷ്, അശ്വിൻ ബി എം, അരുന്ധതി എ ആർ, ധന്യ റീന വർഗീസ്, ഗ്രേസ് റേച്ചൽ കുരുവിള, പൂജ വിനോദ്, അഞ്ജിത ഡേവിസ്, ആദിത്യ സെബാസ്റ്റ്യൻ, ഗീതു മോഹൻ, ആദിത്യ അജി, റിയ ചെറിയാൻ, ട്രീസ ജോസ്, അനീറ്റ ജേക്കബ്.

'മാസ്' ആയി മാസ്കോമിൽ നിന്ന്



നിഖിൽ കെ സജിത്ത്

2024 ജൂലൈ 15. മാസ്കോമിലെ ആദ്യദിനം. പരസ്പരം പരിചയമില്ലാതെ പുതു സ്വപ്നങ്ങളും പേറി ജേണലിസം മേഖലയിൽ മികച്ച ഒരു ഭാവി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വന്നവർ.

ക്ലാസ് റൂമിന്റെ നാലു ചുവരുകൾക്കുള്ളിൽ മാസ്കോമിനെപ്പറ്റി മാനേജിങ് ട്രസ്റ്റി ജയന്ത് സാറും ഡയറക്ടർ രവി സാറും നൽകിയ നിർദേശങ്ങൾ അവർ ക്ഷമയോടെ കേട്ടിരുന്നു. ആദ്യ ദിനങ്ങളിൽ അവാർഡ് സിനിമയിലെ കഥാപാത്രങ്ങളെപ്പോലെ യാന്ത്രികമായിരുന്നു. പത്തുമാസത്തിനിപ്പുറം കോമഡി, ആക്ഷൻ, ഡ്രാമ, ഡയലോഗ് തുടങ്ങി ഒട്ടനവധി രസകരമായ മുഹൂർത്തങ്ങൾ സമ്മാനിച്ച ഇവരെ "മാസ് - മാസ്കോമെറ്റ്സ്" എന്ന് വിളിക്കാം. 2024-25 ബാച്ചിന് തിരശ്ശീല വീഴുമ്പോൾ മാധ്യമ ലോകത്തെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരും സജ്ജരുമാണ് മാസ്കോം വിദ്യാർഥികൾ. ഇംഗ്ലീഷ്, മലയാളം വിഭാഗങ്ങളായി വേർതിരിച്ച്, പ്രിന്റ്, ബ്രോഡ് കാസ്റ്റ്, ഓൺലൈൻ എന്നിവയിലായിരുന്നു വിദ്യാർഥികൾക്ക് പരിശീലനം. 30 വിദ്യാർഥികളുടെ ബാച്ചിൽ രണ്ട് പേർ കേരളത്തിന് പുറത്തുനിന്നുള്ളവരായിരുന്നു, ഡൽഹിയിൽ നിന്ന് മയൂരിയും കർണാടകയിൽ നിന്ന് അശ്വിനും. കേരളത്തിന്റെ സംസ്കാരവും ഭാഷയും, ജനങ്ങളും അവർക്ക് കൗതുകമായി മാറി.

തിയറി ക്ലാസുകളിൽ തുടങ്ങിയ പഠനം പിന്നെ നീണ്ടത് പാനൽ ചർച്ചകളിലേക്കാണ്. ഏതെങ്കിലും വിഷയം പഠിച്ച് അവതരിപ്പിക്കാൻ ഒരു ടീമിനെ നിയോഗിക്കുമ്പോൾ ചോദ്യശരങ്ങളുടെ അമ്പെയ്യാൻ മറുടീം കാത്തിരിക്കും. പത്രസമ്മേളനങ്ങൾക്കു സമാനമായ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടപ്പോൾ തീ പാറുന്ന പോരാട്ടം അരങ്ങേറുന്ന വേദിയായി ക്ലാസ് റൂം മാറി.

ക്യാമറക്കണ്ണുകളിലൂടെ വീക്ഷിക്കുന്ന ലോകത്തേക്ക് കൊണ്ടുപോയ ബ്രോഡ് കാസ്റ്റ് റൂം സ്വന്തം സെൽഫികൾക്കുമപ്പുറം മനോഹരമായി മറ്റു ചിത്രങ്ങൾ പകർന്നെടുക്കാനും ആൽബം നിറയ്ക്കാനും ഞങ്ങളെ പ്രേരിപ്പിച്ചു. ക്യാമറ അസംബ്ലിങ്ങിൽ തുടങ്ങിയ പഠനം വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് സ്റ്റോറി

കൾ നിർമിക്കാൻ പ്രാപ്തരാക്കുന്ന തിലേക്ക് ഞങ്ങളെ മാറ്റി. സ്റ്റോറികൾക്ക് ശേഷമുള്ള റിവ്യൂ സെഷനിൽ പലപ്പോഴും ഞങ്ങൾക്ക് നെഞ്ചിടിച്ചിരുന്നു. ദൃശ്യങ്ങളിലെ തെറ്റുകൾ ചൂണ്ടിക്കാട്ടി അധ്യാപകർ പ്രൊഫഷണലായി ട്രോളുമ്പോൾ ക്ലാസിൽ ചിരി പടർന്നിരുന്നു.

ജാലകം, ഫോർത്ത് എസ്റ്റേറ്റ് എന്നിവയ്ക്കു വാർത്തകൾ കണ്ടുപിടിക്കാനുള്ള നെട്ടോട്ടമായിരുന്നു അതികഠിനം. തപ്പിയെടുത്തു കൊണ്ടുവരുന്ന വാർത്തകൾ തിരസ്കരിക്കുമ്പോഴാണ് ഞെട്ടൽ. പിന്നെ അടുത്തതിനുവേണ്ടി ഓട്ടം. ഒരാഴ്ച റിപ്പോർട്ടിങ്ങാണെങ്കിൽ അടുത്തയാഴ്ച എഡിറ്റിങ്. ഉറക്കമൊഴിഞ്ഞിരുന്നാണ് ലേഔട്ട് ചെയ്ത് പത്രം പൂർത്തിയാക്കിയിരുന്നത്. പത്രപ്രവർത്തനത്തിന്റെ കാഠിന്യവും പ്രായോഗികവശങ്ങളും മനസ്സിലാക്കാൻ ഇതെല്ലാം സഹായിച്ചു

പുസ്തകങ്ങളുടെ മാത്രമല്ല ഞങ്ങളുടെ കഥ കൂടി പറയാനുള്ള സ്ഥലമായിരുന്നു ലൈബ്രറി. പല കോർണർ മീറ്റിങ്ങുകളും സൗഹൃദ സംഭാഷണങ്ങളും ആശയങ്ങളും ഉടലെടുത്തത് അവിടെയാണ്.

കണ്ണും കാതും മെയ്യും മനസ്സും ഒന്നാക്കി പ്രവർത്തിച്ച മാസ്കോം ഡേ ആയ "സ്വലേ 24 7" ഏറെ അഭിമാനകരമായിരുന്നു. മനോരമ പ്രവർത്തകരും പൊതുജനങ്ങളും വിദ്യാർഥികളുമെല്ലാം അടങ്ങുന്ന സന്ദർശകർ മികച്ച അഭിപ്രായം രേഖപ്പെടുത്തിയ മാസ്കോം ഡേ യിലൂടെ വൈവിധ്യമാർന്ന രീതിയിൽ മാധ്യമ ലോകത്തെ അവതരിപ്പിക്കാൻ വിദ്യാർഥികൾക്ക് സാധിച്ചു.

മാസ്കോം മാനേജ്മെന്റിന്റെ പിന്തുണയും അധ്യാപകരുടെ മാർഗനിർദേശങ്ങളും വിദ്യാർഥികളുടെ മുന്നേറ്റത്തിൽ ഊർജമേകുന്നതിൽ നിർണായക പങ്കുവഹിച്ചു. ഇവർക്ക് പുറമെ പ്രമുഖ മാധ്യമപ്രവർത്തകരുടെയും കല, സാഹിത്യം, സിനിമ രംഗത്തുനിന്നുള്ളവരുടെയും ക്ലാസ്സുകളും വിദ്യാർഥികൾക്ക് മുതൽക്കൂട്ടായി.

പഠിക്കുക എന്നതിലുപരി പഠനത്തെ എങ്ങനെ ആസ്വാദകരമായി മാറ്റാം എന്നത് മാസ്കോം ജീവിതത്തിലൂടെ ഞങ്ങൾ സ്വന്തമാക്കി. മാസ്കോമിൽ നിന്ന് ലഭിച്ച പാഠങ്ങളും അറിവുകളും വിലമതിക്കാനാവാത്തതാണ്. പക്ഷേ ഇനിയില്ലാത്ത ക്ലാസുകളും വേർപിരിയുന്ന സൗഹൃദങ്ങളും ഉണങ്ങാത്ത കണ്ണീരാണ് സമ്മാനിക്കുക. പക്ഷേ ഞങ്ങൾ മാസ്കോം വിട്ടിറങ്ങുന്നത് ജോലി വാഗ്ദാനങ്ങളുമായാണ്. അതുകൊണ്ട് ഞങ്ങൾ തൊഴിലിടങ്ങളിൽ വീണ്ടും കണ്ടുമുട്ടുമെന്ന പ്രത്യാശയോടെ...

ഇതു ഞങ്ങടെ വാക്ക് Through



ആരതി എൻ അജി

മാസമോ ഡേയ്ക്കു വേണ്ടി കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായി എന്തെങ്കിലും ചെയ്യണം എന്നു വിചാരിച്ചിരുന്നപ്പോഴാണ് 'ഒരു മാസിക ആയാലെന്താ' എന്ന ആശയത്തി ലേക്കെത്തിയത്. ഞങ്ങൾ കുറച്ചുപേർ കോഴ്സിന്റെ ആദ്യകാലത്ത് മാഗസീൻ ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു, അതിനു പറ്റിയ അവസരം മാസ്കോം ഡേ ആണന്നു തോന്നി. പിന്നീട് ഒന്നും നോക്കിയില്ല, രാധാകൃഷ്ണൻ സാറിന കണ്ടു സംസാരിച്ചു, രവി സാനിൻറെ അനുവാദം വാങ്ങി മാഗസീനു വേണ്ടിയുള്ള പരിശ്രമം തുടങ്ങി.

എഡിറ്ററെ തീരുമാനിക്കുകയായിരുന്നു ആദ്യത്തെ കടമ്പ. ഏറെ പ്രയാസപ്പെടേണ്ടിവന്നില്ല, വിദ്യാർഥികൾ ഒന്നടങ്കം അഞ്ജിതയുടെ പേര് നിർദേശിച്ചു. എഡിറ്റോറിയൽ ബോർഡിലേക്ക് വിദ്യാർഥികളെ തിരഞ്ഞെടുക്കുകയും എളുപ്പമായിരുന്നു. പിന്നീട് ഏത് തരത്തിലുള്ള മാഗസീൻ വേണമെന്നായിരുമ്പ ചിന്ത.

പതിനെട്ടു വിദ്യാർഥികൾക്കും പതിനെട്ടു കാര്യങ്ങളെ കുറിച്ച് എഴുതാനാണ് താൽപര്യം, അതുകൊണ്ട് എല്ലാം ഉൾപ്പെടുന്ന ഒരു ലൈഫ് സ്റ്റൈൽ മാഗസീൻ ആകാമെന്ന് തീരുമാനിച്ചു. മാഗസീന് ഉചിതമായ പേര് നൽകുമായിരുന്നു ഏറെ പ്രയാസം. ഒട്ടേറെ എഡിറ്റോറിയൽ മീറ്റിംഗുകൾ കൂടി ' വാക്ക് through' എന്നതിലേക്ക് വന്നു.

വിദ്യാർഥികൾ അവരവരുടെ സംഭാവനകൾ നൽകാൻ തുടങ്ങി. ഓരോ സ്റ്റോറിക്കും ഉചിതമായ ലേഔട്ട് ഡിസൈൻ ചെയ്യുക എന്നത് പ്രയാസമായിരുന്നു. മാനുവൽ സാറാണ് ലേഔട്ട് നെ കുറിച്ച് കൂടുതൽ പറഞ്ഞു തന്നു. സ്റ്റോറി എഡിറ്റ് ചെയ്തു ലേഔട്ടിന്റെ ഒരുക്കങ്ങൾ തുടങ്ങി. പ്രതീക്ഷിച്ചതിലും പ്രയാസമായിരുന്നു മാഗസീൻ ലേഔട്ട്. അതിനായി ഉറക്കമിളച്ച രാത്രികൾ ഏറെയുണ്ട്. മാസ്കാം ഡേയുടെ തലേ ദിവസം തന്നെ മാഗസീൻ പ്രിന്റ് ചെയ്തു കിട്ടി. മാസ്കോം ഡേയിൽ മാഗസീൻ പ്രകാശനം ചെയ്തപ്പോൾ പ്രതീക്ഷിച്ചതിലേറെ അഭിനന്ദനങ്ങൾ ലഭിച്ചു.

കൊതിച്ചത് അധ്യാപികയാകാൻ വിധിച്ചത് സിവിൽ സർവീസ്

അമല അനിൽ

ഭരണം സേവനം മാത്രമല്ല, ശാരദാ മുരളീധരന്. മുൻ ചീഫ് സെക്രട്ടറിയുടെ പ്രവർത്തന നിഘണ്ടുവിൽ വ്യത്യസ്തമായ പ്രവർത്തനശൈലിയുമായി ഒത്തുപോകുന്ന വേറെയും വാക്കുകളുണ്ട്, സമർപ്പണ ബോധം, മാനവികത, നേതൃപാടവം, കഠിനാധ്വാനം.... മൂന്നര പതിറ്റാണ്ട് ഇതെല്ലാം ജീവിതത്തിൽ പകർത്തിവച്ചു പ്രവർത്തിച്ച ശേഷമാണ് രണ്ടാഴ്ച മുമ്പ് ശാരദാ മുരളീധരൻ ഭരണ സിരാകേന്ദ്രത്തിന്റെ പടിയിറങ്ങിയത്.

നയപരമായ കാഴ്ചപ്പാടുകളും,കർശനമായ പ്രവർത്തന ശൈലിയുമാണ് ശാരദയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാക്കുന്നത്. വിരമിച്ചാലും ആ ഔദ്യോഗിക ജീവിതം പിൻഗാമികൾക്ക് പാഠപുസ്തകമായിരിക്കും. ഏതു വിപരീതസാഹചര്യത്തിലും യുക്തിസഹമായി ഇടപെടാനുള്ള കഴിവ്, അധിക്ഷേപിക്കപ്പെട്ടപ്പോഴും കരുത്തോടെ തലയുയർത്തി നിൽക്കാനുള്ള ധൈര്യവും ആർജവവും, ഇതൊക്കെ ഏതൊരു ഉദ്യോഗസ്ഥയ്ക്കും വേണമെന്ന് പ്രവർത്തിച്ചു കാണിച്ചു എന്നതിലാണ് ശാരദാ മുരളീധരന്റെ പ്രാഗത്ഭ്യം.

വിരമിച്ചിട്ടും തിരക്കൊഴിയാത്ത ജീവിതത്തിൽനിന്ന് അല്പ സമയം ഈ അഭിമുഖത്തിനായി ശാരദാ മുരളീധരൻ അനുവദിച്ചു.

ആ വാക്കുകളിലൂടെ..

1. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്ന ചീഫ് സെക്രട്ടറി അല്ലെങ്കിൽ സാധാരണക്കാരുമായി ഇടപഴകുന്ന ചീഫ് സെക്രട്ടറി. കേരളത്തിനു ലഭിച്ചതും ഇപ്പോൾ നഷ്ടമാകുന്നതും അത്തരമൊരു ഉദ്യോഗസ്ഥയെയാണ്. എന്തെങ്കിലും മാതൃക മനസ്സിലുണ്ടായിരുന്നോ?

സർവീസിൽ കയറിയ സമയത്ത് സാമൂഹിക ക്ഷേമ വികസനവുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കണമെന്നായിരുന്നു ആഗ്രഹം. ആ കർമ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന, പ്രചോദനം നൽകാൻ കഴിയുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തുക എന്നതായിരുന്നു ആദ്യ കടമ്പ. അത്തരത്തിലൊരു മാതൃകയായിരുന്നു എസ്.എം വിജയാനന്ദ് ഐഎഎസ്. അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയും എനിക്കു പ്രചോദനം തന്നെയായിരുന്നു. അദ്ദേഹവും ചീഫ് സെക്രട്ടറി ആയാണ് വിരമിച്ചത്. പിന്നെ, വേണുവിന്റെ യുക്തിപൂർവമായ ഇടപെടലുകൾ, വ്യത്യസ്ത ചിന്താതലം,

നൂതന ആശയങ്ങൾ തുടങ്ങിയവ എന്നെ സ്വാധീനിച്ചിട്ടുണ്ട്.

2.ബ്യൂറോക്രസി എന്നത് ഏത് തരത്തിൽ ആകണമെന്നതാണ് ആഗ്രഹം. രാഷ്ട്രീയ പ്രവർത്തരെ പോലെ ,ഉദ്യോഗസ്ഥർക്കും ജനങ്ങളുമായി ഇടപഴകിക്കുടെന്നുണ്ടോ?

ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിക്കുന്നവരാണ്. പ്രത്യേകമായിട്ടുള്ള ചട്ടങ്ങളോ നിയമങ്ങളോ നോക്കാതെയാവും ഒരു ജനപ്രതിനിധി മിക്കപ്പോഴും ഇടപെടുന്നത്.

എന്നാൽ ഉദ്യോഗസ്ഥർക്ക് അങ്ങനെ പ്രവർത്തിക്കാൻ കഴിയില്ല. അവർക്ക് നിയമത്തിന്റെ കൃത്യമായ ചട്ടക്കൂടുകൾ പാലിക്കണം. ജനകീയാസൂത്രണത്തിന്റെ കടന്നുവരവോടെ സാധാരണക്കാരും ഉദ്യോഗസ്ഥരും തമ്മിലുള്ള അന്തരം കുറഞ്ഞിട്ടുണ്ട്. ഞാൻ പ്രവർത്തിച്ചിട്ടുള്ള മേഖലകളിൽ ഏറെയും 'ആം ജനത' വിഭാഗവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്.

3.നിറത്തിന്റെ പേരിലുള്ള അപമാനം സ്വയം നേരിട്ടതിനപ്പുറം, മാഡത്തിനു അതിൽ പറയാനുള്ളത് എന്താണ്? ഒരാളെ വിലയിരുത്തുന്നതിൽ നിറം ഒരു ഘടകമാണോ?

നിറത്തിന്റെ പേരിലുള്ള വേർതിരിവുകളിലെയും കുത്തുവാക്കുകളുടെയും ചെറിയൊരു ഭാഗം മാത്രമാണ് വ്യക്തി.

എന്താണ് നല്ലതെന്ന് ഒരാൾ ചിന്തിക്കുന്നതാണ് അവനെ സംബന്ധിച്ചിടത്തോളം ശരി. അതിൽ നിന്നു മാറി നിൽക്കുന്ന എന്തിനെയും ഒറ്റപ്പെടുത്തുക എന്നത് പതിവായി മാറിയിരിക്കുകയാണ്. ഇതെല്ലാം വിശേഷാധികാരത്തിന്റെ മാതൃകകളാണ്. നല്ല സംസാരം, നല്ല വസ്ത്രധാരണം, നല്ല വായന ഇതെല്ലാം ഈ വിശേഷാധികാരത്തിന്റെ ഭാഗമാകുന്നുണ്ട്. അങ്ങനെ നോക്കുമ്പോൾ അത്തരം അധികാരങ്ങളുടെ ഒരു വലിയ കൂടാരമാണ് മനുഷ്യന്റെ സൗന്ദര്യബോധമെന്ന് പറയാം. അതിനെയാണ് ഞാൻ തിരുത്താൻ ശ്രമിച്ചത്. നമുക്കും ചില പ്രമാണങ്ങൾ അവകാശപ്പെടുകയും ചിലത് തിരുത്തുകയും ചെയ്യാം. അതല്ലെങ്കിൽ സൗന്ദര്യത്തിന് ഒരു പ്രമാണം മാത്രമല്ല, പലതുണ്ടെന്ന് പറയാം.

4.സംഗീതവും, നൃത്തവും പഠിക്കണമെന്ന ആഗ്രഹം മുൻപ് പഠിക്കാൻ കഴിയാത്തത് കൊണ്ട് ഉണ്ടായതാണോ? അതോ മകളുടെ നൃത്തം കണ്ട് ഇഷ്ടം തോന്നിയത് കൊണ്ടാണോ?

നൃത്തം എന്റെ ഇഷ്ടവിനോദമാണ് അന്നും ഇന്നും. പണ്ട് ശാസ്ത്രീയ നൃത്തം പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. പാട്ടു കേട്ടാൽ ഇപ്പോഴും എനിക്ക് ചുവടു വയ്ക്കാൻ തോന്നും. നൃത്തം പഠിക്കാൻ സാധിച്ചില്ലെങ്കിലും മനസ്സിൽ ആഗ്രഹം ഇന്നും അങ്ങനെ തന്നെയുണ്ട്. അതുകൊണ്ടു കൂടിയാകാം മോൾക്കും നൃത്തം അത്രത്തോളം പ്രിയപ്പെട്ടതായത്.

5. എഴുതണമെന്ന ആഗ്രഹവും മാഡം പ്രകടിപ്പിച്ചുരുന്നല്ലോ. അത് സർവീസ് സ്റ്റോറിയാണോ അതോ മറ്റെന്തെങ്കിലുമാണോ?

സർവീസ് സ്റ്റോറി എഴുതാൻ ഞാനാളല്ല. അത്തരം ഓർമകൾ എനിക്ക് വിരളമാണ്. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുള്ള പ്രാദേശിക ഭരണത്തിന്റെ പുതിയ നിരീക്ഷണം, അതിന്റെ സാധ്യതകൾ, മാലിന്യ സംസ്കരണത്തിൽ നേരിടുന്ന വെല്ലുവിളികൾ, അതിന്റെ പരിഹാരങ്ങൾ തുടങ്ങി നിരവധി വിഷയങ്ങൾ അതിൽ ചർച്ച ചെയ്യുന്നുണ്ട്. അത്തരത്തിൽ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട്,എന്റെ അനുഭവ സാക്ഷ്യങ്ങളെ കൂടി കോർത്തിണക്കുന്നതാണ് പുതിയ സൃഷ്ടി.

6. വിദ്യാർഥിയെന്ന നിലയിൽ ചോദിക്കുകയാണ്, കേരളത്തിൽ നിന്ന് വിദ്യാർഥികൾ പുറത്തേയ്ക്കു പോകുന്നത് സംസ്ഥാനത്തെ ബാധിക്കുന്നുണ്ടോ?

മികച്ച ജീവിത സാഹചര്യം നേടുമ്പോൾ, മെച്ചപ്പെട്ട വിദ്യാഭ്യാസവും സൗകര്യവും ഉള്ള സ്ഥലങ്ങൾ തേടിപ്പോകും. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, നമ്മുടെ രാജ്യത്തു തന്നെ വിദേശത്തുനിന്ന് ഏറ്റവും കൂടുതൽ പണം വരുന്നത് കേരളത്തിലാണ്. ഒരു അന്താരാഷ്ട്ര, സാമ്പത്തിക വ്യവസ്ഥയിൽ പ്രവർത്തിക്കുവാനുള്ള പ്രാപ്തി കേരളത്തിനുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച വിദ്യാഭ്യാസം നമുക്ക് ഇതിലൂടെ നേടിയെടുക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ അത് നല്ല കാര്യം തന്നെയാണ്. അതിനുള്ള ഗുണവും കേരളത്തിന് തന്നെ ലഭിക്കും. പിന്നെ അതിൽ വരുന്ന പ്രധാന സംശയങ്ങൾ കേരളം വിട്ട് പോകുന്നവർക്ക് പിന്നീട് നമ്മുടെ നാടും വീടുമായിട്ടുള്ള ബന്ധം പുനസ്ഥാപിക്കാൻ പറ്റുമോ, അല്ലെങ്കിൽ ഇതിലൂടെ കേരളത്തിനു വേണ്ടി പ്രവർത്തിക്കുവാൻ സാധിക്കുമോ എന്നതാണ്. എന്തു തന്നെയാണേലും മികച്ച വിദ്യാഭ്യാസമാണ് എല്ലാത്തിന്റെയും അടിത്തറ.

7. സിവിൽ സർവീസിൽ എത്തിയില്ലെങ്കിലുള്ള ജീവിതയാത്ര?

എനിക്ക് അധ്യാപിക ആകാനായിരുന്നു ആഗ്രഹം. ഇംഗ്ലീഷ് സാഹിത്യമായിരുന്നു എന്റെ പ്രധാന വിഷയം. എഴുത്തുകാരിയായി അറിയപ്പെടാൻ ഇഷ്ടമായിരുന്നു. എന്നാൽ, അക്കാലത്തു പി.എസ്.സി വഴി നിയമനങ്ങൾ വളരെ കുറവായതിനാലാണ് സിവിൽ സർവീസിലേക്കു ഞാൻ തിരിഞ്ഞത്.

8. കേരളത്തിൽ സ്ത്രീപ്രാതിനിധ്യം ഇനിയും വർധിക്കേണ്ടത് എവിടെയൊക്കെയാണ്?

ഞാൻ സിവിൽ സർവീസിൽ കയറിയ കാലത്ത് അവിടെ 12 ശതമാനം മാത്രമാണ് സ്ത്രീ പ്രാതിനിധ്യം. ഇന്ന് ഏറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ കൂടിയും, സ്ത്രീകൾ ബാഹ്യകാരണങ്ങൾ കൊണ്ട് സ്വയം പിന്മാറുന്ന കാഴ്ചയും അപരിചിതമല്ല. . സ്ത്രീത്വത്തിന്റെ സ്വഭാവികതകൾ മറച്ചുവച്ച ശേഷം പുരുഷസ്വഭാവം അണിയാൻ അവൾ തയ്യാറാകണം. അത്തരത്തിൽ ഒരു മാറ്റം വന്നാൽ മാത്രമാണ് എല്ലാ മേഖലകളിലും അവൾ എത്തിപ്പെടുക. സ്ത്രീ പക്ഷ സമൂഹമായി മാറാൻ കുറച്ചു കൂടി അവരെ ഇത് സഹായിക്കും. അതിന്റെ ആദ്യപടി എന്നു പറയുന്നത് എല്ലാ മേഖലകളിലും സാന്നിധ്യം ഉറപ്പിക്കുക എന്നതു തന്നെയാണ്.

ജാലകം മുഴുവനായി തുറന്നപ്പോൾ!

ഗോപിക മനോജ്

മാസ്കോമിൻറെ ചരിത്രത്തിൽ ആദ്യമായാണു പരിശീലന പത്രമായ 'ജാലകം' ടാബ് ളോയ് ഡ് രൂപത്തിൽനിന്ന് ബ്രോഡ്ഷീറ്റായി വളർന്നത്. അതിനു ചുക്കാൻ പിടിക്കാൻ കഴിഞ്ഞത് 24-25 ബാച്ച് അഭിമാനത്തോടെ ഓർക്കും. അത് ഇനി വരാൻ പോകുന്ന ബാച്ചുകൾക്ക് മാതൃകയാവുകയും ചെയ്യും.

ജാലകവും ഫോർത്ത് എസ്റ്റേറ്റും ബ്രോഡ്ഷീറ്റിൽ ചെയ്യാമോ എന്ന് അധ്യാപകർ ചോദിച്ചപ്പോൾ ഞങ്ങൾ സധൈര്യം അത് ഏറ്റെടുക്കുയായിരുന്നു. എണ്ണത്തിൽ കൂടുതൽ പിള്ളേരുള്ളതുകൊണ്ട് ആ ജോലി അത്ര ഭാരമുള്ളതായി തോന്നിയില്ല. വലിയ ചിത്രങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതും രൂപകല്പന വേണ്ടവണ്ണം നിർവഹിക്കാൻ കഴിയാത്തതും പഴയ പത്രത്തിൻറെ പോരായ്മയായിരുന്നു.

നല്ലചിത്രങ്ങൾക്കും വാർത്തകൾക്കും വേണ്ടി അധികം കാത്തുനിൽക്കേണ്ടിവന്നില്ല. മലയാള മനോരമയുടെ കലാ-സാംസ്കാരിക-സാഹിത്യോത്സവമായ 'ഹോർത്തൂസ്' തന്നെയാണ് ആദ്യ ലക്കം ഞങ്ങളുടെ വാർത്തകളുടെയും ചിത്രങ്ങളുടെയും വിഷയമായി മാറിയത്. ഇതുവരെ തയ്യാറാക്കിയ ലക്കങ്ങളിലൊന്നും മസ്കോമിലെ പിള്ളേർക്കു വാർത്തകൾക്ക് പഞ്ഞമൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെ ചെറുതും വലുതുമായ വാർത്തകളിൽ കോട്ടയം നിറഞ്ഞുനിന്നു. കോട്ടയത്തിന്റെ ഓരോ മുക്കും മൂലയും പിള്ളേർക്കു വാർത്തകളായി.

ജാലകത്തിലെ ആക്ഷേപഹാസ്യ കോളമായ 'ഇപ്പോക്രാറ്റ്' എല്ലാ ലക്കത്തിലും ആകർഷകമായി തന്നെ നിലനിന്നു.പംക്തി സ്ഥിരമായിരുന്നെങ്കിലും പംക്തിയെഴുത്തുകാർ പലതായിരുന്നുവെന്നു മാത്രം. സമകാലീന സംഭവങ്ങൾ പരിഹാസ രൂപേണ ഓരോ ആഴ്ചയും ഓരോരുത്തർ മത്സരിച്ച് എഴുതിയത് ജാലകത്തിന് പുതുമയായിരുന്നു. ഇപ്പോക്രാറ്റു പോലെ തന്നെ പ്രധാനപ്പെട്ടതായിരുന്നു കാർട്ടൂണുകളും. 'വര.ജി' എന്ന പേരിൽ ഗോപികയും 'വര.സ'യായി ട്രീസയും 'ചുറ്റോപ്യ' അർഥവത്താക്കി.

INSIDE

ഞങ്ങളും ഇവിടെയിരുന്നു വായിച്ചിരുന്നു **പേജ്: 2**

ആട്ടവിളക്കിന്റെ മുന്നിലേക്ക് ബാലികമാർ **പേജ്: 3**

റിട്ടയേർഡ് ലൈഫ് ഈസ് ബ്യൂട്ടിഫുൾ **പേജ്: 4**

ചരിത്രം കുറിച്ച് വനിതവക്കീൽ പട **പേജ്: 4**

ഷെയിം ഷെയിം ബോഡി ഷെയിം **പേജ്: 4**

സോണറ്റിന്റെ വിജയഗാഥാ **പേജ്: 3**

എന്റെ മാസ്കോം ജീവിതം **പേജ്: 2**

ഒരു പാലവും കുറേ മനുഷ്യരും **പേജ്: 3**

സ്വ.ലേ 24/7

അനീറ്റ ജേക്കബ്



ഞങ്ങളും ഇവിടെയിരുന്നു വായിച്ചിരുന്നു...



പി ആദർശ്

ചുറ്റും പുസ്തകങ്ങൾ, പുസ്തകങ്ങൾക്കുള്ളിലെ അക്ഷരങ്ങൾ, അക്ഷരങ്ങൾ വിളക്കിചേർത്ത വാക്കുകൾ, വാക്കുകൾ ചേർന്നൊരുക്കിയ വാക്സമൂഹം, വാക്സമൂഹത്തിന് അതീതമായ അർഥങ്ങൾ സൃഷ്ടിക്കുന്ന താളുകൾ. താളുകൾ മറിയുന്നു, പുസ്തകങ്ങളിലേക്ക് ഊളിയിടുന്നു, യാത്ര തുടങ്ങുന്നു, പ്രതീക്ഷയോടെ അനന്തയിലേക്ക്, അതിനിടയിലെ പരിശ്രമങ്ങളിൽ കൂട്ടായി മാസ്കോമിലെ ഈ വായനശാല.

ജി.ആർ ഇന്ദുഗോപൻ, ജോർജ് ആർ ആർ മാർട്ടിൻ തുടങ്ങി പല എഴുത്തുകാരും സൃഷ്ടിച്ച സാഹിത്യപരിസരം പരിചയപ്പെടാനുള്ള അവസരം. പത്രങ്ങൾ, ആനുകാലികങ്ങൾ, ആഹാ.... വസ്തുതകളുടെ പല വശങ്ങൾ , സത്യത്തിന്റെ പല രൂപങ്ങൾ, ആ രൂപങ്ങൾ മെനഞ്ഞെടുക്കുന്ന രൂപകങ്ങൾ. പുസ്തകങ്ങളുള്ള എല്ലാ ഇടങ്ങളും മനോഹരമാവുന്നതുപ്പോലെ മാസ്കോം ലൈബ്രറിയും മനോഹരമാണ്.

ഇവിടെ സ്ഥിരം സന്ദർശകരുണ്ട്, വല്ലപ്പോഴും വരുന്നവരുണ്ട്, ഒരിക്കലും വരാത്തവരുണ്ട്, വന്ന് ബഹളം കൂട്ടുന്നവരുണ്ട്, അനുവാദമില്ലാതെ പത്രവും മാസികകളും പുസ്തകങ്ങളും ആരുമറിയാതെ കൊണ്ടുപോയി നൈസായി തിരിച്ചുവയ്ക്കുന്നവരുണ്ട്. തിരിച്ചുവയ്ക്കാത്തവരുണ്ടോ? തിരിച്ചുവയ്ക്കാത്ത പുസ്തകങ്ങളിലൂടെ സഞ്ചാരം തുടരുന്നവരുണ്ടോ? വേറിട്ട സഞ്ചാരങ്ങൾ, വ്യത്യസ്ത ലോകങ്ങൾ. മണിക്കൂറുകൾ ലൈബ്രറിയിൽ ചിലവഴിക്കുന്നവരുടെ ലോകം, സാർത്രനെയും മാർക്സിനെയുംപോലെ വന്യമായ സ്വപ്നങ്ങൾ കണ്ടവരുടെ ലോകം. സ്വപ്നം സഫലമായവരുടെ ലോകം, സ്വപ്നം തകിടം മറിഞ്ഞവരുടെ ലോകം, വൈവിധ്യമായ ഈ ലോകം.

പുസ്തകങ്ങൾ വൈവിധ്യമാകുന്നതുപ്പോലെ അതു വായിക്കുന്ന മനുഷ്യർ സൃഷ്ടിച്ചെടുക്കുന്ന വ്യത്യസ്തമായ ലോകം ഇവിടെയുമുണ്ട്. ഒരേ സ്വപ്ന സാക്ഷാത്കാരത്തിന് പല മാർഗങ്ങൾ സ്വീകരിച്ചവർ. അതിലെ ഒരു മാർഗമായി പുസ്തകത്തെ കൂട്ടുകാരാക്കിയവർ. വായനയിൽ ആഴ്ന്നിറങ്ങിയവർ, പരപ്പിലൂടെ മാത്രം സഞ്ചരിച്ചവർ, ദൂരെ നിന്ന് നോക്കികണ്ടവർ, ഒരിക്കൽ വന്നിട്ട് പിന്നീട് തിരിഞ്ഞു നോക്കാത്തവർ, വന്നിട്ട് തിരികെ പോകാൻ കഴിയാത്തവർ, യാദൃശ്ചികമായി എത്തപ്പെട്ടവർ... ആഹാ വൈവിധ്യം....

ഈ വായനശാലയും, ഇവിടുത്തെ സന്ദർശകരും, സന്ദർശകരല്ലാത്തവരും പലതും പഠിപ്പിച്ചു. പടിയിറങ്ങുമ്പോൾ ഒന്നു മാത്രം പറയട്ടെ. ഞങ്ങൾ ഇവിടെ ഉണ്ടായിരുന്നു, ഞങ്ങൾ ഇവിടിരുന്ന് വായിച്ചിരുന്നു, ഞങ്ങൾ ഇവിടിരുന്ന് ചിന്തിച്ചിരുന്നു, ഞങ്ങൾ ഇവിടിരുന്ന് സ്വപ്നം കണ്ടിരുന്നു.

മനോരമ ഓൺലൈനിൽ പ്രസിദ്ധീകരിച്ച ട്രീസ സെലിൻ ജോസിന്റെ വാർത്തയെ തുടർന്ന്...

ഇറച്ചി വെട്ടിയായാലും ജർമനിയിലെത്തും

>>സഹായ വാഗ്ദാനങ്ങൾ നിരസിച്ചു
>>ജോലി ചെയ്തുതന്നെ പണമുണ്ടാക്കും

MANORAMA IMPACT

ട്രീസ സെലിൻ ജോസ്

വയനാട്● അധ്വാനിച്ചു പണമുണ്ടാക്കുക. എന്നിട്ടു ലക്ഷ്യത്തിലെത്തുക. ലക്ഷ്യം കൈയെത്തിപ്പിടിക്കാവുന്നതാണെന്ന തോന്നൽ ഈ ഇരുപതുകാരിയ്ക്കുണ്ട്. മാർഗം പ്രയാസമുള്ളതാണെങ്കിലും കഷ്ടപ്പെട്ടുതന്നെ മുന്നോട്ടുപോകുക എന്ന് അവൾ നിശ്ചയിച്ചു. ആ നിശ്ചയദാർഢ്യത്തിനു മുന്നിൽ ബാക്കിയെല്ലാം വഴിമാറി.

വിദേശത്തു നഴ്സിങ് പഠനത്തിനു പണം കണ്ടെത്തുന്നതിന് ഇറച്ചിവെട്ടു തൊഴിലാക്കാൻ തീരുമാനിച്ച വയനാട് പാക്കം സ്വദേശി ഹന്നമരിയയുടെ കഥയാണിത്.

സ്വന്തം പിതാവ് ഷിബുവിന്റെ കടയിൽ ഇറച്ചി വെട്ടിക്കൊടുത്തു പണം കണ്ടെത്തുന്ന ഹന്നയുടെ ഈ കഥ മനോരമ ഓൺലൈനിൽ പ്രസിദ്ധീകരിച്ചിരുന്നു. പിന്നെ സംഭവിച്ചത് ഇതാണ്. വാർത്ത കണ്ടു സഹായവാഗ്ദാനങ്ങളുടെ പെരുമഴ പെയ്തു. ഹന്നയെ സൗജന്യമായി ജർമനിയിൽ പഠിപ്പിച്ചു ജോലി വാങ്ങിക്കൊടുക്കാമെന്നുള്ള വാഗ്ദാനം വരെയുണ്ടായി. പക്ഷേ അതൊന്നും സ്വീകരിക്കാൻ ഹന്ന തയാറല്ല, എല്ലാം അവൾ സ്നേഹപൂർവം നിരസിക്കുന്നു. പപ്പ പ്രതിദിനം നൽകുന്ന 500 രൂപ കൂലി കൊണ്ടു തനിക്കു പഠിച്ചു ജോലി സമ്പാദിക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും നിശ്ചയദാർഢ്യവുമാണു ഹന്നയെ മുന്നോട്ടു നയിക്കുന്നത്. തന്നെക്കാൾ ഇത്തരം സഹായങ്ങൾക്ക് അർഹതപ്പെട്ടവർ ഏറെയുണ്ടെന്നു പക്വതയുള്ള മനസ്സോടെ ഹന്ന പറയുന്നു.

ജർമനിയിൽ നഴ്സിങ് പഠനത്തിനു തയാറെടുക്കുന്നതിന്റെ ഭാഗമായി ഹന്ന ജർമൻ ഭാഷയും പഠിച്ചു. അതൊരു കരുതലായിരുന്നു. പക്ഷേ ആ കരുതൽ ഉപജീവന മാർഗമായി മാറി. ഇപ്പോൾ മാനന്തവാടിയിലെ ജർമൻ സ്റ്റഡി സെന്ററിൽ അധ്യാപിക കൂടിയാണവൾ.

അധ്യാപനത്തിനുശേഷം ദിവസവും വൈകുന്നേരമാണു പപ്പയുടെ കടയിൽ തൊഴിലാളിയാകുന്നത്.

ഷിബുവിന്റെ ഇറച്ചിക്കടയിൽ ഒരു തൊഴിലാളി നേരത്തെയുണ്ടായിരുന്നു. പഠിപ്പിച്ചശേഷം ബാക്കി വരുന്ന സമയം താൻ ആ കടയിൽ നിന്നാൽ കൂലി തരുമോ എന്ന ഡിമാൻഡ് ഹന്ന ഷിബുവിനു മുന്നിൽ വച്ചപ്പോൾ ആദ്യം ആ പിതാവിനു സംശയമുണ്ടായിരുന്നു. എങ്കിലും മകളുടെ വാശിക്കു മുന്നിൽ തോറ്റുകൊടുത്തു. ആ പരീക്ഷണം വിജയിക്കുകയായിരുന്നു. പഴയ ജോലിക്കാരനെ മാറ്റി ഹന്നയെ അതോടെ അവിടെ സ്ഥിരം തൊഴിലാളിയാക്കി.

പുരുഷന്മാർ കുത്തകയാക്കി വച്ചിരുന്ന ഒരു സാമ്രാജ്യത്തിലേയ്ക്ക് ഒരു രാജകുമാരിയെന്ന നിലയിൽ ഹന്നയുടെ കടന്നുകയറ്റമായിരുന്നു അത്.

തന്റെ ലക്ഷ്യമാണു പ്രധാനമെന്നു ചെറുപ്രായത്തിൽതന്നെ ഹന്ന കുടുംബത്തിനു മനസ്സിലാക്കിക്കൊടുത്തു. അതിനുള്ള മാർഗം അവർ സുഗമമാക്കുകയും ചെയ്തു.

ഹന്നയുടെ വാർത്ത മനോരമ ഓൺലൈനിൽ പ്രത്യക്ഷപ്പെട്ടതോടെ നാട്ടിലെ താരമാണവൾ. സഹായ വാഗ്ദാനങ്ങൾ നിരസിച്ചതോടെ ആ താരപ്രഭ കൂടുതൽ ദീപ്തമായിരിക്കുകയാണ്. ഹന്ന അധ്വാനിച്ചു ലക്ഷ്യം നേടുന്നതു കാണാൻ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ആ നാട്ടുകാർ.

എന്റെ മാസ്കോം ജീവിതം

നിള സതീഷ്

എന്താണു പഠിക്കേണ്ടതെന്നും, എങ്ങനെയാണു പഠിക്കേണ്ടതെന്നും അറിയാതെ അല്പം അങ്കലാപ്പോടെയാണു ഞാൻ മാസ കോമിന്റെ പടി കയറുന്നത്.

പക്ഷേ ദിവസങ്ങൾക്കുള്ളിൽ മാസ്കോമിന് എന്നെയും ഞാൻ മാസ്കോമിനെയും ഇഷ്ടപ്പെട്ടു. പലതും പഠിക്കാൻ കഴിഞ്ഞു, പലരെയും സുഹൃത്തുക്കളായി നേടാൻ കഴിഞ്ഞു എന്നതുമാണു മാസ്കോമിൽ എനിക്കുണ്ടായ ഏറ്റവും വലിയ നേട്ടം.

അസൈൻമെന്റുകൾ എഴുതുന്നതും അതു റിവ്യൂ ചെയ്യുന്നതും വേറിട്ട അനുഭവമായിരുന്നു. പത്രം പ്രസിദ്ധീകരിച്ചും, ബുള്ളറ്റിൻ അവതരിപ്പിച്ചും മാധ്യമ ലോകത്തേക്കു ഞങ്ങൾ കടന്നു ചെന്നു.

ഉറക്കമിളച്ചു, വാർത്തകൾ എഴുതിയും, ലേഔട്ട് ചെയ്തും തയാറാക്കിയ പത്രം അച്ചടിച്ചു കയ്യിൽ കിട്ടിയപ്പോൾ ഒരു പ്രത്യേക സന്തോഷമായിരുന്നു.

ബുള്ളറ്റിനു വേണ്ടി വാർത്തകൾ തിരഞ്ഞു കോട്ടയം മുഴുവൻ അലഞ്ഞിട്ടുണ്ട്. എന്നാൽ ആ കൊച്ചു കൊച്ചു യാത്രകൾ സമ്മാനിച്ച അനുഭവങ്ങൾ വളരെ വലുതായിരുന്നു. നിരവധി ആളുകളെ പരിചയപ്പെടാനും, ജീവിത യാഥാർഥ്യങ്ങൾ മനസിലാക്കാനും അവ സഹായിച്ചു.

മനോരമ കോഴിക്കോട് സംഘടിപ്പിച്ച ആദ്യ ഹോർത്തൂസിൽ പങ്കാളികളാകാൻ ഞങ്ങൾക്കു കഴിഞ്ഞു. അവിടെ നിന്നു ധാരാളം സുഹൃത്തുക്കളെ കിട്ടി. പലരുമായി അടുത്ത് ഇടപഴകാനും വേദികളിൽ കയറി പരിഭ്രമമില്ലാതെ രണ്ടു വാചകം പറയാനും പഠിച്ചു.തുടർന്നു വന്ന മാസ്കോം ഡേ ഞങ്ങളുടെ സ്വന്തം ഇവന്റായി മാറി. ദിവസങ്ങളോളം രാപ്പകലില്ലാതെ പരിശ്രമിച്ചതിന്റെ ഫലം മാനേജ്മെന്റ് പ്രതിനിധികളുടെ വാക്കുകളിലൂടെ ഞങ്ങൾ അനുഭവിച്ചറിഞ്ഞു.

ഡയറക്ടർ രവി ശങ്കർ സാർ, ഞങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും എന്നും കൂടെ നിന്നിട്ടുണ്ട്. ടെക്നിക്കൽ വിഭാഗത്തോടു തീരെ താത്പര്യമില്ലാതിരുന്ന എന്നെ എഡിറ്റിങ്ങിന്റെ ലോകത്തേക്ക് ജിതിൻ സാർ കൂട്ടിക്കൊണ്ടു പോയപ്പോൾ, ഫോട്ടോഗ്രഫിയുടെ പാഠങ്ങളുമായി സാലുമോൻ സാർ കൂടെയുണ്ടായിരുന്നു. മാസ്കോമിലെ എല്ലാ കാര്യങ്ങൾക്കും വ്യക്തിപരമായി മേൽനോട്ടം വഹിച്ച് ലിസമാമും സേവ്യർ സാറും ഒപ്പം നിന്നു.

പിന്നെ ഞങ്ങളുടെ സന്തോഷങ്ങളിലും, സങ്കടങ്ങളിലും ഒരു പോലെ കൂടെ നിന്ന രാധാകൃഷ്ണൻ സാർ. ഞാൻ മികച്ചു നിൽക്കണം എന്ന് എന്നേക്കാൾ ആഗ്രഹിച്ച എന്റെ സ്വന്തം സാർ. 'എന്റെ' എന്ന് ഉറപ്പിച്ച് വിളിക്കാൻ കഴിയുന്ന ചുരുക്കം ചിലരിൽ ഒരാൾ. സാറിന്റെ ക്യാബിൻ വാതിൽ ഞങ്ങൾക്കുവേണ്ടി എന്നും തുറന്ന് കിടന്നിരുന്നു.

അധ്യാപകൻ എന്നതിലുപരി മികച്ച ഒരു സുഹൃത്തു തന്നെയായിരുന്നു സാർ. മാസ്കോമിൽ നിന്ന് എനിക്ക് ലഭിച്ച ഏറ്റവും വലിയ സമ്പാദ്യം.

ഇടയ്ക്കിടെയുള്ള വർക്ഷോപ്പുകളിലൂടെയും, ഗസ്റ്റ് ലക്ചറുകളിലൂടെയും യാത്രകളിലൂടെയും ഒരു വർഷം പോയത് ഞങ്ങളറിഞ്ഞില്ല. അങ്ങനെ മാസ്കോം എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായി മാറി.

ആത്മാവിഷ്കാരത്തിന്റെ നെറുകയിൽ 'ആത്മശ്രീ'

അഞ്ജിത ഡേവിസ്

കോട്ടയം● ഓർമ്മച്ചെപ്പിലടച്ചു സൂക്ഷിച്ച മഞ്ചാടിമണികളെ അഭിമാനത്തോടെ ദേഹത്തണിയുകയാണ് പുതുതലമുറയിപ്പോൾ. കുന്നിക്കുരു മാലയും മഞ്ചാടി കമ്മലുമെല്ലാം ഇൻസ്റ്റാഗ്രാം റീലുകളിലെ ട്രെൻഡാക്കിയതിൽ കോട്ടയം മേലുകാവുമറ്റത്തെ ഒരു ചെറുപ്പക്കാരനും അദ്ദേഹത്തിന്റെ 'ആത്മശ്രീ' എന്ന കൂട്ടായ്മക്കും ചെറുതല്ലാത്ത പങ്കുണ്ട്.

വൈവിധ്യമാർന്ന മനുഷ്യരുടെ കൂട്ടം എന്നാണ് തന്റെ ഈ കൂട്ടായ്മയെ അമരക്കാരനായ അരിഷ് ജോൺ ആൻഡ്രൂസ് വിശേഷിപ്പിക്കുന്നത്. ബൈക്കപകടത്തിൽ പെട്ടു അവശതയനുഭവിക്കുന്നവർ മുതൽ പലവിവിധ ശാരീരിക വൈകല്യങ്ങൾ നേരിടുന്നവരുൾപ്പെടുന്ന ആത്മശ്രീയ്ക്ക് ഇതിലും നല്ലൊരു വിശേഷണം കണ്ടുപിടിക്കുക അസാധ്യം.

തന്റെ കലാവൈഭവം പുറത്തെടുക്കാൻ ആയുർവേദ ഡോക്ടർ കൂടിയായ അരിഷിനെ ആത്മശ്രീ സഹായിച്ചിട്ടുണ്ടാകും. അതിലുപരി ശരീരത്തിന് മുന്നിൽ തോറ്റതെങ്കിലും മനസ്സിൽ സൂക്ഷിക്കുന്ന കലയുമായി മനുഷ്യരെ ആത്മശ്രീ മുന്നോട്ടു കൊണ്ടുപോകുന്നു. ഒരുപറ്റം മനുഷ്യരുടെ അതിജീവനം എന്നു കൂടിയും ചേർത്തുവായിക്കാം.

ആയുർവേദ മെഡിസിൻ പഠനം പൂർത്തിയാക്കിയതിനു ശേഷമാണ് ആഭരണനിർമാണത്തിലേക്ക് അരിഷ് തിരിയുന്നത്. മൂത്ത സഹോദരിക്കുവേണ്ടി നിർമിച്ച കളിമൺ കഥകളി ലോക്കറ്റിലായിരുന്നു എല്ലാത്തിന്റെയും തുടക്കം. പിന്നീട് നിരവധി ഓർഡറുകൾ വരാൻ തുടങ്ങിയതോടെ സമീപ പ്രദേശങ്ങളിലുള്ള ശാരീരിക ബുദ്ധിമുട്ടനുഭവിക്കുന്നവരെ കൂട്ടിച്ചേർത്തു ആത്മശ്രീയ്ക്കു രൂപം കൊടുക്കുകയായിരുന്നു.

അരിഷിന്റെ അഭിപ്രായത്തിൽ കേരള ജനതയുടെ നല്ലപങ്കും ബാല്യത്തിൽ ഏറെ മഞ്ചാടിക്കുരുക്കൾ പെറുക്കിയിട്ടുള്ളവരാണ്. എങ്കിൽ പിന്നെ ഇത്തരം മഞ്ചാടിക്കുരുക്കൾ കോർത്തു മാലയും വളയും കമ്മലുമൊക്കെ ഉണ്ടാക്കിയാലോ എന്ന ചിന്തയിൽനിന്നാണ് ആത്മശ്രീയിലെ ഏറ്റവും ട്രെൻഡിംഗ് ആഭരണങ്ങളുടെ പിറവി. അതിനു പിന്നാലെ തെയ്യം മാലയും മന്ദാരം കമ്മലുമെല്ലാം സെലിബ്രിറ്റികളടക്കം ഏറ്റെടുത്തതോടെ ഫാഷൻ സ്റ്റൈലിങ്ങിൽ വ്യത്യസ്ത പുലർത്തുന്നവരുടെ ഇഷ്ട ഇടമായി ആത്മശ്രീ മാറി.

ആത്മശ്രീ ആഭരണങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത നൂറു ശതമാനവും പ്രകൃതിദത്തമാണെന്നതാണ്. കളിമണ്ണ്, കുന്നിക്കുരു, മഞ്ചാടിക്കുരു, വിവിധയിനം വിത്തുകൾ തുടങ്ങിയവയാണ് മനോഹരമായ ആഭരണങ്ങളായി രൂപമാറ്റം പ്രാപിക്കുന്നത്. ഇവ നിർമിക്കുന്നതിന്റെ വീഡിയോകൾക്കും ആരാധകരേറെ.

വിവിധ ആഭരണങ്ങൾക്ക് പുറമെ ബുക്ക്മാർക്കുകൾ, വാട്ടർ പെയിന്റ് ചിത്രങ്ങൾ വരച്ച പോസ്റ്റ് കാർഡുകൾ തുടങ്ങിയവയും ആത്മശ്രീയിൽ ലഭിക്കും. ഓരോ കസ്റ്റമർക്കും വേണ്ടതെന്തെന്ന് ചോദിച്ചു മനസ്സിലാക്കി നിർമിക്കുന്നതാണ് അരിഷിന്റെ രീതി. ഓർഡറുകൾ ലഭിക്കുന്ന കാർഡ്ബോർഡ് ബോക്സിൽ ഉണങ്ങാൻ തുടങ്ങുന്ന ഒരു കടലാസ് റോസും അരിഷിന്റെ കൈപ്പടയിൽ എഴുതിയ കത്തും കാത്തിരിക്കുന്നുണ്ട്. ഇതൊക്കെത്തന്നെയാണ് ആത്മശ്രീയെ വ്യത്യസ്തമാക്കുന്നതും.

നിലവിൽ ആത്മശ്രീയുടെ ഭാവി പദ്ധതികളെക്കുറിച്ചൊന്നും അരിഷ് ചിന്തിക്കുന്നില്ല.ഒരു കാര്യം മാത്രം ഉറപ്പാണ്, തനിക്ക് നാളെ പുതുമയുള്ള മറ്റെന്തെങ്കിലും ചെയ്യണമെന്ന് തോന്നിയാലും ആത്മശ്രീ സുരക്ഷിതമായിരിക്കും.

അരിഷിന്റെ വൈവിധ്യമേറെയുള്ള മനുഷ്യരുടെ കൂട്ടം ആത്മശ്രീയ്ക്ക് തുണയായി എന്നും ഉണ്ടാകും.

മസ്കോമിൽ പഠിക്കാൻ ചേർന്ന അന്നു മുതൽ കേൾക്കുന്ന വാക്കാണ് 'മാസ്കോം ഡേ'. അന്നേ ആ ദിവസത്തിന്റെ പ്രാധാന്യം ഞങ്ങൾക്ക് മനസ്സിലായിരുന്നു. അങ്ങനെയിരിക്കെയാണ് മാസ്കോം ഡേയുടെ തീയതി സ്ഥിരീകരിച്ചത്; ഫെബ്രുവരി 7. ഞങ്ങളെല്ലാവരും മാസ്കോം ഡേയ്ക്കായുള്ള ഒരുക്കങ്ങൾ തുടങ്ങി.

മാസ്കോം ഡേ എന്നത് ഇവിടെ പഠിക്കുന്ന ഓരോ വിദ്യാർഥിയുടെയും താലന്തുകളെ മാധ്യമപ്രവർത്തനത്തിനായി എങ്ങനെയൊക്കെ ഉപകരിക്കാമെന്നു പ്രദർശിപ്പിക്കുന്ന വേദിയാണ്. ഫെബ്രുവരിയിൽ വരാനിരിക്കുന്ന മാസ്കോം ഡേയ്ക്ക് വേണ്ടി ഞങ്ങൾ ഡിസംബറിൽ ഒരുക്കങ്ങൾ ആരംഭിച്ചു. ഓരോരുത്തരും അവരവരുടെ കഴിവുകൾക്കും താല്പര്യങ്ങൾക്കുമനുസരിച്ച് പന്ത്രണ്ട് സെഗ്മെന്റുകളും പ്രോഗ്രാമുകളും മുന്നോട്ട് വെച്ചു.

അടുത്ത കടമ്പ പേരിടൽ ആയിരുന്നു. ഒരുപാട് പേരുകൾ മുന്നോട്ടു വെച്ചതുകൊണ്ട് വോട്ടെടുപ്പിലൂടെയാണ് അരുന്ധതി നിർദ്ദേശിച്ച 'സ്വ.ലെ 24x7' എന്ന പേര് തിരഞ്ഞെടുത്തത്. സ്വ ലെ എന്നത് പ്രിന്റിനെയും 24x7 എന്നത് ബ്രോഡ്കാസ്റ്റിനെയും സൂചിപ്പിക്കുന്നു.

മാസ്കോം ഡേയ്ക്ക് ഉണ്ടായിരുന്ന സെഗ്മെന്റുകളായിരുന്നു ക്രൈം റൂം, മാസ്കോം റേഡിയോ, കാർട്ടൂൺ വാൾ, മാഗസിൻ, ലാബ് പേപ്പർ പ്രദർശനം, ആങ്കർ ആവാനുള്ള അവസരം, ഡോക്യുമെന്ററി സ്ക്രീനിംഗ്, എഐ കോർണർ, ഗെയിംസ്, ഇൻസ്റ്റലേഷനുകൾ എന്നിവ. മാസ്കോം ഡേ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനാൽ തന്നെ പ്രതീക്ഷിച്ചതിലും പ്രശംസ നേടാൻ സാധിച്ചു.

ഗൃഹാതുരത്വമാകുന്ന 'കടാതുരത്വം'

കോട്ടയം●രാഷ്ട്രീയം മുതൽ കൊച്ചുവർത്തമാനം വരെ പങ്കുവയ്ക്കാൻ മലയാളികൾക്ക് ഒരു ചായക്കട നിർബന്ധമാണ്. മാസ്കോമിലെ തീ പാറുന്ന വാക്പോരാട്ടങ്ങൾ ചെന്നവസാനിക്കുന്നതും ഒരു ചായക്കടയിലാണ്. ഈരയിൽ കടവ് ജംഗ്ഷനിൽ അനിലേട്ടന്റെ ചായക്കടയിൽ.

ഇവിടുത്തെ പഴം പൊരിക്കും സമൂസക്കും സമാസമം ആരാധകരാണ് മാസ്കോമിൽ. എന്തിനേറെ പറയുന്നു ഉത്തരേന്ത്യയിൽ നിന്നു വന്ന മയൂരി തിവാരിയുടെ പോലും മനം കവർന്നതാണ് അനിലേട്ടന്റെ വിശപ്രസിദ്ധമായ ഇഡ്ഡലികൾ. അരിയാഹാരം തന്നെ വേണ്ടെന്നുവച്ച് മുന്നുനേരം ചായയും കടിയും മാത്രം കഴിച്ച് ജീവൻ നിലനിർത്തുന്ന ഗീതുവിനെ പോലുള്ളവരും അനിലേട്ടന്റെ ഹാജർബുക്കിലെ സ്ഥിരം പുള്ളിയാണ്.



വേറൊന്നും കഴിക്കാതെ ഒറ്റയിരുപ്പിൽ മൂന്നു ചായ വരെ ഊതിയൂതി ആസ്വദിച്ച് അനിലേട്ടന്റെ കണ്ണിലുണ്ണിയായി മാറിയ അസ്ന, പാലിനോട് അലർജി ആണോ എന്നറിയില്ല, കട്ടൻ മാത്രം മൊത്തികുടിക്കുന്ന അമല, ദോശയ്ക്ക് ഫ്രീ ചമ്മന്തി പോലെ ചായ ഒന്നിന് ഗ്ലാസ് രണ്ടു വീതം ചോദിച്ചു വാങ്ങുന്ന നിള, ഗ്ലാസെടുക്കാൻ മടിച്ച് ജഗ്ഗിലെ വെള്ളം ഒന്നോടെ വായിലേയ്ക്ക് കമഴ്ത്തുന്ന റിയ... അങ്ങനെ ഒത്തിരിയൊരിത്തിരി ചായക്കഥകൾ. ശരിക്കും അനിലേട്ടന്റെ ചായയെയാണോ അതോ ചായക്കടയുടെ വൈബിനെയാണോ ഞങ്ങൾ പ്രണയിച്ചത്?

ഒന്നോർത്തു നോക്കിയേ! ന്യൂസ് പാനലിലെ അന്തം വിട്ട ചോദ്യങ്ങൾക്കു മുമ്പിൽ കണ്ണും മിഴിച്ചിരുന്നതിന്റെ ഹൃദയവേദന നമ്മൾ തീർത്തത് 'ചേട്ടാ ഒരു ചായ' എന്നുറക്കെ വിളിച്ചു പറഞ്ഞല്ലേ... സ്വന്തം വീട്ടിലേക്ക് കയറിചെല്ലുന്ന പോലെയല്ലേ നമ്മൾ ആ കൊച്ചു പീടികയിലേയ്ക്ക് കയറി ചെന്നിരുന്നത്... ഒരു ദിവസം മുടങ്ങിയാൽ പരിഭവം പറയുന്ന അനിലേട്ടനല്ലേ നമ്മുടെ ഓർമയിലുള്ളത്... ഒരുപക്ഷെ അനിലേട്ടന്റെ കട, നൽകുന്ന ഗൃഹാതുരത്വമായിരിക്കും അവിടം നമ്മളിടമാക്കിമാറ്റിയത്. ഓ... ഗൃഹാതുരത്വമല്ല, ന്യൂജെൻ പ്രയോഗമിരിക്കട്ടെ, "കടാതുരത്വ"മാണ്.

ഇനിയും പോകുന്നിടങ്ങളിൽ നമ്മളിങ്ങനൊരു ചായക്കട കണ്ടെത്തുമായിരിക്കും. അവിടെയൊരു ബെഞ്ചിന്റെ ഓരത്തിരുന്നു ഒരു ഗ്ലാസ് ചായ വലിച്ചു കുടിക്കുമ്പോൾ എന്താകും മിസ്സ് ചെയ്യുക? അനിലേട്ടന്റെ ചായക്കടയായിരിക്കുമോ അതോ നമുക്കൊപ്പം അവിടെയിരുന്ന് ചായ കുടിച്ചവരെയായിരിക്കുമോ?

ബൈലൈൻ, ബൈ മാസ്കോം

കേരളത്തിന്റെ ക്ലാസിക്കൽ ഓർക്കസ്ട്രയായ പഞ്ചവാദ്യത്തിന്റെ ലഹരിയിൽ കൊട്ടികയറുകയായിരുന്നു തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമം. നാല്പതു കഴിഞ്ഞവരുടെ ഈ അപൂർവ പഞ്ചവാദ്യ വിദ്യാരംഭം മനോരമ ഓൺലൈനിനു വേണ്ടി റിപ്പോർട്ട് ചെയ്തത് വൈഷ്ണവിയായിരുന്നു. ഇതിലൂടെ മാസ്കോം 2024-25 ബാച്ചിലെ ആദ്യ ബൈലൈൻ വൈഷ്ണവിക്കു ലഭിച്ചു.

ഇനി പോണ്ടിച്ചേരിക്കൊരു യാത്ര പോയാലോ! അതും ഗേൾസ് ട്രിപ്പ്. അങ്ങനെയൊരു യാത്ര പോയി വന്നതാണ് നിള. യാത്രയെ കുറിച്ചൊരു വിവരണവും തയാറാക്കിയിരുന്നു. ആ യാത്രക്കുറിപ്പ് ഇടം പിടിച്ചത് 'ദ വീക്ക്' മാഗസിന്റെ ഓൺലൈൻ പതിപ്പിലാണ്. .



അടുത്ത വാർത്തയുടെ വരവ് വയനാട്ടിൽ നിന്നാണ്. ഹന്നമരിയയെന്ന പെൺകുട്ടി ഇറച്ചി വെട്ടി കാശുണ്ടാക്കി ജർമനിയിലേക്ക് പോകാൻ നടത്തുന്ന അതിജീവനത്തെ സമൂഹത്തിനു മുന്നിലെത്തിച്ചത് ട്രീസ മനോരമ ഓൺലൈനിൽ എഴുതിയ വാർത്തയായിരുന്നു. ട്രീസയുടെ എഴുത്തിലൂടെ ഹന്നയുടെ അവസ്ഥ തിരിച്ചറിഞ്ഞു ഒട്ടേറെ പേരാണ് സഹായ ഹസ്തവുമായെത്തിയത്. അങ്ങനെ അതൊരു "ഇംപാക്ട് സ്റ്റോറി"യായി.

അടുത്തതും ഒരു യാത്രയുടെ കഥയാണ്. കോടമഞ്ഞു മൂടിയ ഒരു വെളുപ്പാൻ കാലത്ത് കോട്ടയത്തുനിന്ന് ഇലന്തൂരിലേക്ക് വണ്ടി പിടിച്ചതാണ് പൂജ. തിരിച്ചെത്തിയത് പത്തനംതിട്ടയിലെ ഇലന്തൂർ ഗ്രാമത്തിൽ അരങ്ങേറിയ രണ്ടു നരബലികൾക്ക് സാക്ഷ്യം വഹിച്ച മംഗളൻ ചേട്ടന്റെ ജീവിതം കുറെ കടലാസിലും മനസ്സിലും ഒപ്പിയെടുത്തുകൊണ്ടായിരുന്നു. അന്നത്തെ യാത്രയിൽ കേട്ടറിഞ്ഞതും കണ്ടറിഞ്ഞതും ഉൾപ്പെടുത്തി പൂജ തയ്യാറാക്കിയ വിവരണം 'കേരളത്തെ നടുക്കിയ ഇലന്തൂർ നരഹത്യയും ഒരു ഈമക്കത്തും; വിദ്യാർഥികൾ നടത്തിയ യാത്ര' എന്ന പേരിൽതന്നെ മനോരമ ഓൺലൈനിൽ പ്രസിദ്ധീകരിച്ചു.

എഡിറ്റർ

സോണറ്റിന്റെ വിജയഗാഥ

ധന്യ റീന വർഗീസ്

? പഠന മികവിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പുലിക്കുട്ടിയാണ് സോണറ്റ് എന്ന് കേട്ടിരുന്നു...

നിശ്ചയദാർഢ്യംകൊണ്ട് സിവിൽ സർവീസ് പരീക്ഷയിൽ 54-ാം റാങ്ക് കരസ്ഥമാക്കിയിരിക്കുകയാണ് കോട്ടയം മുണ്ടക്കയം സ്വദേശിനി സോണറ്റ് ജോസ്. ആദ്യ ശ്രമത്തിൽ അഭിമുഖം വരെ എത്തിയിരുന്നെങ്കിലും രണ്ടാം ശ്രമത്തിലാണ് ഈ മിന്നും വിജയം. സോണറ്റിന് സ്വന്തമാക്കാൻ സാധിച്ചത്. സാധാരണ കർഷക കുടുംബത്തിലെ അംഗമായ സോണറ്റിന്റെ വിജയം സിവിൽ സർവീസ് സ്വപ്നം കാണുന്ന ഒരു വിഭാഗം യുവാക്കൾക്ക് പ്രചോദനമാണ്.

? എന്തുകൊണ്ട് സിവിൽ സർവീസ് ?

കുട്ടിക്കാലം മുതൽ ഒരു കലക്ടറാവണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. സ്കൂളിലെ അധ്യാപകർ വലുതാകുമ്പോൾ ആരാകണം എന്നു ചോദിക്കുമ്പോൾ കലക്ടറാവണമെന്ന് ഞാൻ പറയാറുണ്ടത്രേ.

ഹൈസ്കൂളിലേക്ക് എത്തിയപ്പോഴേക്കും ആഗ്രഹം കുറച്ചു കൂടി സ്ട്രോങ്ങ് ആയി. സ്റ്റുഡന്റ് പൊലീസ് കേഡറ്റിൽ വന്നപ്പോൾ ചിന്നാറിലെ ഒരു ട്രൈബൽ ഗ്രാമത്തിൽ ലൈബ്രറി തുടങ്ങാൻ സാധിച്ചു.

അത്തരത്തിലൊരു ചെറിയ പരിശ്രമം കൊണ്ട് അവിടുത്തെ കുറെ മനുഷ്യരുടെ ജീവിതത്തെ സഹായിച്ചു.

ആ അനുഭവത്തിൽ നിന്ന് എനിക്ക് തോന്നി ഒരു നല്ല കലക്ടർ ആവുകയാണെങ്കിൽ എത്രയോ മനുഷ്യരുടെ ജീവിതത്തിൽ ചെറിയ കാര്യങ്ങളിലൂടെ വലിയ ഇംപാക്ട് കൊണ്ടുവരാൻ സാധിക്കുമെന്ന്. ആ ഒരു തീക്ഷ്ണത, സേവനത്തിനുള്ള ആഗ്രഹം അതൊക്കെയാണ് സിവിൽ സർവീസ് പഠനത്തിലേക്ക് എന്നെ നയിച്ചത്.

സ്കൂൾ കാലഘട്ടത്തിൽ എല്ലാ പരിപാടികളിലും ഞാൻ ആക്ടീവ് ആയിരുന്നു. സ്പോർട്സിൽ ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ, ചെസ് എന്നിവയിലൊക്കെ ഞാൻ പങ്കെടുക്കുമായിരുന്നു. അതിലൊക്കെ സംസ്ഥാനതലത്തിലും മത്സരിച്ചിരുന്നു. കലോത്സവത്തിൽ അക്ഷരശ്ലോകം, ദേശഭക്തിഗാനം എന്നിവയിൽ പങ്കെടുത്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ സയൻസ് ക്വിസിലും മത്സരിക്കുമായിരുന്നു.

ഹൈസ്കൂൾ സമയത്ത് സ്റ്റുഡന്റ് പൊലീസ് കേഡറ്റിൽ ഉണ്ടായിരുന്നു. അതിൽ എനിക്ക് ബെസ്റ്റ് കേഡറ്റ് അവാർഡ് ലഭിച്ചിട്ടുണ്ട്.

സിവിൽ സർവീസ് പരീക്ഷയിൽ 54-ാം റാങ്ക് കരസ്ഥമാക്കിയ സോണറ്റ് ജോസ്.

? റാങ്ക് ലിസ്റ്റിൽ വരുമെന്ന് പ്രതീക്ഷിച്ചിരുന്നോ?

റാങ്ക് ലിസ്റ്റിൽ വരണമെന്ന് പ്രതീക്ഷയെക്കാൾ അധികം ആഗ്രഹമാണുണ്ടായിരുന്നത്. കാരണം ആദ്യ ശ്രമത്തിൽ ലിസ്റ്റിൽ വരാതെ പോയിരുന്നു. അതുകൊണ്ടുതന്നെ ഒരു എക്സൈറ്റ്മെന്റിനേക്കാൾ അധികം പേടിയായിരുന്നു എനിക്കുണ്ടായിരുന്നത്.

റിസൾട്ട് വരുന്ന സമയത്ത് പിറവത്തെ ചേച്ചിയുടെ വീട്ടിലായിരുന്നു ഞാൻ. അവർ യുകെയിൽ നിന്ന് ലീവിന് വന്നിരുന്നു.

പിറ്റേദിവസം അവർ തിരിച്ചു പോകുമായിരുന്നു.അന്നുത്തന്നെ റിസൽട്ട് വന്നത് ഭാഗ്യമായി. അതുകൊണ്ടുതന്നെ അവരോടൊപ്പം വിജയം പങ്കിടാൻ സാധിച്ചതിന്റെയും, പരീക്ഷ ജയിച്ചതിന്റെയുമൊക്കെ ഒരു റിലീഫും കൂടിയായി കരയുകയായിരുന്നു ഞാൻ.

? യുവജനങ്ങൾക്ക് സോണറ്റ് നൽകാൻ ആഗ്രഹിക്കുന്ന സന്ദേശം?

യുവജനങ്ങൾ ശരിക്കും ആനയുടെ കാര്യം പറയുന്ന പോലെയാണ്. അതായത് ആനയ്ക്ക് ആനയുടെ ശക്തി തിരിച്ചറിയില്ല. ആന സ്വന്തം ശക്തി തിരിച്ചറിഞ്ഞാൽ ചങ്ങല പൊട്ടിച്ച് രക്ഷപ്പെടും എന്ന് പറയുന്നതുപോലെ യൂത്ത് അവരുടെ സാധ്യതകളും, കഴിവും തിരിച്ചറിയാതെ പോകുന്നു.

പക്ഷേ ചിലർ അത് തിരിച്ചറിയുകയും ഉയരങ്ങൾ കീഴടക്കുകയും ചെയ്യുന്നു. അതായത് എല്ലാവർക്കും അതിനുള്ള ശേഷിയുണ്ട്.

എന്നാൽ പലർക്കും വ്യത്യസ്ത കഴിവുകളും, അഭിരുചികളുമാണ് ഉള്ളത്. അതിനെ പിന്തുടർന്ന്, അതിനുവേണ്ടി അധ്വാനിച്ചാൽ ഉയരങ്ങൾ കീഴടക്കാം. വലിയ സ്വപ്നം കാണുക, കഠിനാധ്വാനം ചെയ്യുക, തീർച്ചയായും അത് ലഭിക്കും.

? അഭിമുഖത്തിലെ ഏതെങ്കിലും രസകരമായ ചോദ്യം പങ്കുവെക്കാമോ?

ഉച്ചയ്ക്കു ശേഷമായിരുന്നു എന്റെ അഭിമുഖം. മാത്രമല്ല പെട്ടെന്ന് തീർക്കണമെന്ന മനോഭാവത്തിൽ ആയിരുന്നു അവർ. അതുകൊണ്ടുതന്നെ കൂടുതൽ ചോദ്യങ്ങളും ഡീറ്റെയിൽഡ് അപ്ലിക്കേഷൻ ഫോമിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു.

എന്നെ മൈഗ്രേറ്റ് ചെയ്യാൻ നിർബന്ധിക്കുകയാണെങ്കിൽ ഏതു രാജ്യം തിരഞ്ഞെടുക്കും എന്നായിരുന്നു ചോദ്യം. ഒട്ടും പ്രതീക്ഷിക്കാത്ത തരത്തിലുള്ള ചോദ്യമായിരുന്നു അത്. ഞാൻ ജപ്പാൻ ആണ് തിരഞ്ഞെടുത്തത്. കാരണമായി പറഞ്ഞത് അവർ സാങ്കേതികമായി ഒരുപാട് മുന്നിലായത് കൊണ്ട് എനിക്ക് ആ രാജ്യത്ത് പോകുകയാണെങ്കിൽ ഒത്തിരി പുതിയ കാര്യങ്ങൾ പഠിക്കാനാവും എന്നാണ്.

? സിവിൽ സർവന്റ് എന്ന നിലയിൽ ഏതൊക്കെ മേഖലകളിൽ മാറ്റം വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്?

സിവിൽ സർവീസിൽ വന്നാൽ കൂടുതൽ മാറ്റം വരുത്തണമെന്ന് ആഗ്രഹിക്കുന്നത് കുട്ടികളുടെ മേഖലയിലാണ്.പ്രത്യേകിച്ച് സ്കൂൾ വിദ്യാർഥികൾക്കിടയിൽ. കാരണം അവരാണ് യഥാർഥ ചേഞ്ച് മേക്കേഴ്സ്. ചെറുപ്രായത്തിൽ അവരെ എങ്ങനെ രൂപപ്പെടുത്തുന്നു, മൂല്യങ്ങളും ഗുണങ്ങളും കൊടുക്കുന്നു എന്നതിനെയൊക്കെ ആശ്രയിച്ചായിരിക്കും അവരുടെ ഭാവിജീവിതവും.

പിന്നെയുള്ളത് കാർഷിക മേഖലയിലാണ്. കാർഷിക പശ്ചാത്തലത്തിൽ നിന്നു വരുന്നതുകൊണ്ടുതന്നെ അത്തരത്തിലുള്ളവരെ സഹായിക്കാനും ആഗ്രഹമുണ്ട്.

ആട്ടവിളക്കിനു മുന്നിലേയ്ക്ക് ബാലികമാർ

>> സർക്കാർ ഫെലോഷിപ് നേടി കഥകളിയിൽ അരങ്ങേറ്റം

ഗോപിക മനോജ്

കോട്ടയം ● സഹപാഠികൾ പഠനം അവസാനിപ്പിച്ചിപ്പോഴും സർക്കാർ ഫെലോഷിപ്പു നേടി കഥകളിയിൽ അരങ്ങേറ്റം കുറിയ്ക്കാനൊരുങ്ങി ബാലികമാർ. പെരുവ എൽപി സ്കൂളിലെ മൂന്നും നാലും ക്ലാസുകളിലെ വിദ്യാർഥിനികളായ ആരാധ്യ ശ്യാമും, ഗൗരിപ്രിയ രാജേഷുമാണ് അരങ്ങേറാനൊരുങ്ങുന്നത്.

കുമാരനല്ലൂർ പുതുക്കുളങ്ങര ബലരാമ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ മെയ് 16 നാണു പരിപാടി. ക്ഷേത്രത്തിലെ തിരു ഉത്സവത്തിന്റെ രണ്ടാം ദിവസം രാത്രി ഒൻപതുമണിക്കാണ് പുറപ്പാട് അരങ്ങേറ്റം. ഡോ. ആർ എൻ ശർമ്മയാണ് കളിവിളക്ക് തെളിയിക്കുന്നത്.

ആർഎൽവി മിഥുൻ രാമചന്ദ്രനാണ് ഇരുവരെയും കഥകളി അഭ്യസിപ്പിച്ചത്. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് സ്കീമിന്റെ ഭാഗമായിട്ടാണു പഠനം ആരംഭിച്ചത്.

ഒപ്പം അഭ്യസിപ്പിച്ച കുട്ടികൾ ഇടയ്ക്കുവെച്ചു പഠനം അവസാനിപ്പിച്ചു. എങ്കിലും, ആരാധ്യയുടെയും ഗൗരിപ്രിയയുടെയും കഥകളിയോടുള്ള താൽപ്പര്യം മനസിലാക്കിയ ഗുരു മിഥുൻ രാമചന്ദ്രൻ മുൻകൈയെടുത്തു അധ്യാപനം തുടരുക യായിരുന്നു.

രണ്ടു വർഷം മുൻപാണ് ഇരുവരും പഠനം ആരംഭിച്ചത്. ഇരുവരുടെയും കഴിവ് തിരിച്ചറിഞ്ഞ പ്രശസ്ത കഥകളി വിദ്വാൻ കുടമാളൂർ മുരളീകൃഷ്ണനാണു കുട്ടികൾക്ക് അരങ്ങേറാനുള്ള അവസരമൊരുക്കിയത്.

പെരുവ വെല്ല്യാട്ടിക്കുഴിയിൽ ശ്യാമിന്റെയും ദിവ്യയുടെയും മകളായ ആരാധ്യയും (8), കുന്നത്തുമ്യാലിൽ രാജേഷിന്റെയും സവിതയും മകൾ ഗൗരിപ്രിയയും (9) ബന്ധുക്കളാണ്.

ഇന്നത്തെ നിലയ്ക്ക് സാധാരണ കുടുംബത്തിൽ നിന്നുള്ള കുട്ടികൾക്ക് താങ്ങാവുന്നതല്ല കഥകളിയുടെ ഒരുക്കങ്ങൾക്കുള്ള ചെലവ്. പൂർണ്ണ പിന്തുണ നൽകി ഇരുവരുടെയും മാതാപിതാക്കൾ ഒപ്പമുണ്ട്.

ആരാധ്യയും ഗൗരിപ്രിയയും അരങ്ങേറ്റം കുറിക്കുന്നത് കാണാൻ വളരെ ആകാംക്ഷയോടെയാണ് കാത്തിരിക്കുന്നതെന്ന് ആരാധ്യയുടെ അച്ഛൻ ശ്യാം പറഞ്ഞു. കഥകളിക്കു പുറമെ പാട്ടും, നൃത്തവും, ചിത്രരചനയുമെല്ലാം ഇരുവർക്കും വശമുണ്ട്.

കഥകളി പഠനം തുടരാനാണു ഗൗരിപ്രിയയുടേയും ആരാധ്യയുടേയും ആഗ്രഹം. ഒൻപതു വയസ്സുള്ള വിശ്രുത വിജയകുമാറാണു നിലവിൽ കഥകളിയിലെ പ്രായം കുറഞ്ഞ കലാകാരി. ആരാധ്യയ്ക്കു വിശ്രുതയെക്കാൾ ഒരു വയസു കുറവാണ്.

അരങ്ങേറ്റം കുറിക്കുമ്പോൾ ആരാധ്യ തിരുത്തിക്കുറിക്കുന്നത് ആ ചരിത്രം കൂടിയാണ്. ആട്ടവിളക്കിൽ തിരി തെളിയുമ്പോൾ ഭാവം പകർന്നാടൻ ഇരുവരും തയാറാണ്.

മിഴി രണ്ടിലും... ആരാധ്യയും ഗൗരിപ്രിയയും

ചിത്രം: ഗോപിക മനോജ്

കടൽ കടന്ന് നന്ദഗോവിന്ദം ഭജൻസ്

ഡി. വൈഷ്ണവി

കോട്ടയം ● ഭക്തിഗാന മാധുര്യം കൊണ്ട് ജനഹൃദയങ്ങൾ കീഴടക്കി ജനപ്രിയരായ നന്ദഗോവിന്ദം ഭജൻസ് ഇനി പ്രവാസി മലയാളികൾക്ക് കൂടി സ്വന്തം. ഏറ്റുമാനൂരിൽ നിന്ന് തുടങ്ങിയ ജൈത്ര യാത്രയിന്ന് കാനഡ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലേക്ക് കൂടി എത്തിച്ചേർന്നിരിക്കുന്നു. രാജ്യാന്തര സ്നേഹം പിടിച്ചുപറ്റിയ കേരളത്തിലെ ആദ്യ ഭജന സംഘമാണ് നന്ദഗോവിന്ദം. കേരളത്തിലെ ചെറിയ ചില അമ്പലങ്ങളിൽ മാത്രം പരിപാടി അവതരിപ്പിച്ച്, സാമൂഹ മാധ്യമങ്ങളിലും വലിയ കൈയടിയും നേടിയ ഇവർ ഇന്ന് കാനഡയിൽ ഒരു സംഘവും ദക്ഷിണാഫ്രിക്കയിൽ മറ്റൊരു സംഘവും രൂപീകരിച്ചു. 16 പേരായി തുടങ്ങിയ ഈ ഭജന സംഘം ഇന്ന് 30 ലധികം അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വലിയ ശൃംഖലയായി മാറിയിരിക്കുകയാണ്. പ്രധാന ഗായകരായ നവീൻ,ശ്രീലാൽ എന്നിവരാണ് ഈ സംഘങ്ങളെ നയിച്ചു വരുന്നത്. കേരളത്തിൽ മാത്രമായി നിലവിൽ 15 അംഗങ്ങളും മറ്റു രാജ്യങ്ങളിലായി ബാക്കി 15 അംഗങ്ങളുമാണ് നിലവിൽ ഈ സംഘത്തിൽ ഉള്ളത്. കഴിഞ്ഞ മണ്ഡല മാസത്തിൽ അയ്യപ്പ സ്തുതികളെ കോർത്തിണക്കി

അംഗങ്ങൾ തന്നെ രചനയും സംവിധാനവും ചെയ്ത ദേവതാപസൻ എന്ന പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിച്ചതും ജനശ്രദ്ധയ്ക്ക് കാരണമായി.

അറബി സംഗീതത്തിലെ പ്രശസ്തനായ ഫാതി റിഫായി എന്ന സംഗീജ്ഞനൊപ്പം വഞ്ചീശ മംഗളം ആലപിക്കാനും ഈ സംഘത്തിന് സാധിച്ചു. പുറം രാജ്യങ്ങളിൽ നടത്തുന്ന പരിപാടിക്ക് വലിയ സ്വീകാര്യതയാണ് ഈ ഭജന സംഘത്തിന് ലഭിച്ചുവരുന്നത്. കാനഡ ഭജൻ കണക്ട്, സൗത്ത് ആഫ്രിക്ക ഭജൻ കണക്ട്, അബുദാബി ഭജൻ കണക്ട് എന്നിങ്ങനെ നീണ്ടു പോകുകയാണ് ഇവരുടെ ഗാനശാഖ.

ഭജനയെന്ന ഗാനശാഖ കല്യാണവേദികളിലേക്ക് പോലും എത്തിക്കാൻ ഇവർക്ക് സാധിച്ചു. പുതിയ തലമുറയിലെ കുരുന്നുകൾ പോലും ഈ ഭജന സംഘത്തിലെ അംഗങ്ങളാണ് കേരളത്തിലെ 14 ജില്ലകളിലും ഇവരുടെ സാന്നിധ്യമുണ്ട്.അധ്യാപകരു ഐടി ഉദ്യോഗസ്ഥരും തുടങ്ങി വിവിധ മേഖലകളിൽലുള്ളവരും ഈ സംഘത്തിലുണ്ട്.

സിനിമാഗാനങ്ങളെ ഭക്തിഗാനങ്ങളാക്കി മാറ്റിയാണ് ഇവർ ജനശ്രദ്ധ ഏറെ ആകർഷിച്ചത്. ഒരു ചെറിയ മുറിയിൽ നിന്നാണ് ഇന്ന് സമൂഹ മാധ്യമങ്ങളിലും ഇവർ സാന്നിധ്യമറിയിക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ അയ്യപ്പ സ്തുതിയായ നീല നീല നീല മലയിൽ എന്ന ഗാനം ഫേയ്സ്ബുക്കിലൂടെ ജനങ്ങളിലേക്കു എത്തിച്ചാണ് ഈ ഭജന സംഘം ജനശ്രദ്ധ നേടിയത്. അതിനു മുൻപ് മറ്റൊരു പേരിലാണ് ഈ സംഘം അറിയപ്പെട്ടിരുന്നത്.

ജനശ്രദ്ധ ആകർഷിച്ചതിനു ശേഷം നന്ദഗോവിന്ദം എന്ന പേരിലേക്ക് മാറുകയായിരുന്നു. ഭജന എന്ന ഗാനശാഖയെ ഇന്ന് ജനങ്ങൾ ഏറ്റെടുത്തിരിക്കുന്നതും ഒരേ സ്വരത്തിൽ പ്രശംസിക്കുന്നതും ഈ സംഘത്തിന്റെ പ്രവർത്തനഫലമാണ്.

മിഴി രണ്ടിലും... ആരാധ്യയും ഗൗരിപ്രിയയും

ചിത്രം: ഗോപിക മനോജ്

ഒരു പാലവും; കുറെ മനുഷ്യരും

>>പാലം പണിയിൽ ദുരിതത്തിലായി കുമരകം നിവാസികൾ

പൂജ വിനോദ്

കോട്ടയം ● വീടിന്റെ ഒരുവശത്തോളം പാലം കവർന്നെടുത്തു. രണ്ടു വർഷമായി പണി തീരാത്ത പാലത്തിന്റെ തുരുമ്പു കമ്പികളാണ് ഇവരുടെ അയൽക്കാർ. വണ്ടി കയറ്റാൻ പോലും സ്ഥലമില്ല. കുമരകം പഞ്ചായത്തിലെ വാർഡ് മെമ്പർ ദിവ്യ ദാമോദരനു പറയാനുള്ളതിതാണെങ്കിൽ സാധാരണ ജനങ്ങളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളു. രാത്രിയായാൽ ദിവ്യയുടെ വീടിനു മുൻവശത്തു വാഹനങ്ങളുടെ പ്രളയമാണ്. കണ്ടെയ്നറുകൾ കടന്നു പോകുന്നതോടെ ലൈൻ കമ്പികൾ പൊട്ടി വീണു വൈദ്യുതിയും പണിമുടക്കും.

പാലം വരുമ്പോൾ ജനങ്ങൾ പലതും പ്രതീക്ഷിക്കും. പക്ഷെ കുമരകത്തു പാലമാണു പ്രശ്നം. ആ പാലത്തിലേക്കു കടക്കാൻ കഴിയാതെ കുടുങ്ങി കിടക്കുകയാണ് ഒരു കൂട്ടം ആളുകൾ. പൂർത്തിയാകാത്ത പാലത്തിനൊപ്പം ആ ജീവിതങ്ങളും ഇന്നു തുരുമ്പെടുക്കുന്നു.

വിണ്ടുകീറിയതും തകർന്നു വീഴാറായതുമായ കമ്പികൾ സമീപവാസികളുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ കാഴ്ചയാണ് കുമരകത്തു കാണാനാകുന്നത്. സമീപത്തു വീടുള്ളവരുടെ അവസ്ഥ വളരെ ദയനീയമാണ്. പാതി വഴിയിൽ നിർമാണം നിലച്ച കോണത്താറ്റു പാലം ഒരു വശത്തും ഗതാഗത കുരുക്കിൽപ്പെട്ട വാഹനങ്ങളുടെ നിര മറുവശത്തും.

ബസിറങ്ങി അര മണിക്കൂറോളം നടന്നു വേണം സ്റ്റാൻഡിലേക്കു പോകാൻ. ഇനി ഓട്ടോ പിടിച്ചാലോ കറങ്ങി ചുറ്റി പോകുന്നതിനു അധിക നിരക്കാണ് ഇടാക്കുന്നത്. ഒരു സമയത്തു കുമരകത്തു രുചി വിളമ്പിയിരുന്ന പല കടകളും ഇന്നു ഷട്ടറിട്ട നിലയിലാണ്.

പല കടകളും അടച്ചുപൂട്ടേണ്ട അവസ്ഥയും വന്നു. തുച്ഛമായ മുതൽ മുടക്കിൽ കച്ചവടം തുടങ്ങി ഒന്നു പച്ചപിടിച്ചു വന്നപ്പോഴാണു പാലത്തിന്റെ നിശ്ചലാവസ്ഥ പലരുടെയും ജീവിതത്തിന്റെ ഒഴുക്കിനെ വഴി തിരിച്ചു വിട്ടത്.

പാലം നിർമാണം തടസപ്പെട്ടത്തോടെ ഗതാഗതകുരുക്കും യാത്രാ അസൗകര്യവും സംഭവിച്ചതു മാത്രം വാർത്തകളിൽ ശ്രദ്ധാകേന്ദ്രമാകുമ്പോൾ വികസനത്തിന്റെ മറവിൽ നിത്യജീവിതം പോലും വഴിമുട്ടിയവരെ പലരും ബോധപൂർവം മറക്കുന്നു.

ഗതാഗത നിയന്ത്രണത്തിനായി രാവിലെ മാത്രം ട്രാഫിക് പൊലീസുണ്ട്. എന്നാൽ രാത്രികാലങ്ങളിൽ കണ്ടെയ്നറുകൾ അനധികൃതമായി കടന്നു പോകുന്നത് അപകടങ്ങളിലേക്കു നയിക്കുന്നു. ഇപ്പോൾ ഇതൊക്കെ ഞങ്ങൾക്കു ശീലമായി എന്നാണു നാട്ടുകാർ പറയുന്നത്. പാലത്തിലേക്കു കടക്കാനും ഇറങ്ങാനുമുള്ള അപ്രോച്ച് റോഡിന്റെ നിർമാണമണ് ഇനി തുടങ്ങേണ്ടത്.

2022 മെയ് 9 നാണു പാലത്തിന്റെ നിർമാണോദ്ഘാടനം നടത്തിയത്. പെരുമാളിൽ കൺസ്ട്രക്ഷൻ കമ്പനിക്കായിരുന്നു പാലത്തിന്റെ നിർമാണച്ചുമതല. പണി കൃത്യമായി നടന്നതിന്റെ ലക്ഷണങ്ങൾ കാണാമെങ്കിലും നിർമാണ സാമഗ്രികളിൽ പലതും ഇന്നു വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

കിഫ്ബി ഫണ്ടിൽ നിന്ന് പി.ഡബ്ല്യു.ഡി ഏറ്റെടുത്തു നടത്തേണ്ട ജോലിയാണ്, കമ്പി വന്നില്ല, ഫണ്ട് അനുവദിച്ചിട്ടില്ല, ബിൽ മാറാൻ താമസിച്ചു എന്നൊക്കെയുള്ള വാദങ്ങൾ നിരത്തി നീട്ടികൊണ്ട് പോകുന്നത്. ഇരു കരകളെ പരസ്പരം ബന്ധിപ്പിക്കുന്ന പാലം, ജീവിതത്തിന്റെ രണ്ടറ്റത്തെ കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന ഈ പാവങ്ങളുടെ ജീവിതത്തിന്റെ വഴി മുടക്കിയായി മാറുകയാണ്.

പാലം കടന്നില്ല... നിർമാണം നിലച്ച കുമരകം കോണത്താറ്റ് പാലം

ചിത്രം പൂജ വിനോദ്

വഴിയോരത്ത് പച്ച പിടിച്ച് കുടുംബാരോഗ്യം

റിയ ചെറിയാൻ

കോട്ടയം● തിരുവഞ്ചൂരിലെ കർഷകൻ ജയ് ടി ഏബ്രഹാം വഴിവക്കിൽ പച്ചമരുന്നു ചെടി വച്ച് വ്യത്യസ്തമായൊരു ആശയം പരീക്ഷിച്ചു. ആ പരീക്ഷണം വിജയിച്ചു. ഇപ്പോഴത് പച്ചപ്പായും ആരോഗ്യമായും പരന്നു വളർന്നു നാടിനാകെ മാതൃകയായി..

ഏഴു വർഷം മുമ്പ് വീടു പുതുക്കി പണിതപ്പോഴായിരുന്നു ജയ് ഈ പരീക്ഷണം നടത്തിയത്. 30 മീറ്റർ കുത്തനെയുള്ള വഴി പിന്നിട്ടുവേണം വീട്ടിലെത്താൻ. വഴി മിനുക്കിയെടുക്കാൻ പല തരം നിർദേശങ്ങളാണ് ആ കുടുംബത്തിന് മുന്നിലെത്തിയത്. ടാർ ഇടാം, കല്ലു പാകാം, ടൈൽസ് ഇടാം എന്നൊക്കെയായിരുന്നു അത് പക്ഷേ അതിനുവേണ്ടി പണം ചെലവാക്കാനില്ലാത്തതുകൊണ്ട് ജയ് മറ്റു വഴികൾ തേടി. അങ്ങനെ ചെന്നെത്തിയത് നിലംപരണ്ട എന്ന ഔഷധ ചെടിയിലായിരുന്നു.

അങ്ങനെ കൂട്ടുപിടിച്ച നിലംപരണ്ട ഇന്ന് ജയ്-യുടെ അടുത്ത 'സുഹൃത്താ' യി മാറി. വേനലും മഴയുമൊന്നും കൂസാതെയാണ് നിലംപരണ്ട പരന്നു വളർന്നത്. പടർന്നു പിടിക്കാത്തതിനാൽ വെട്ടിയൊതുക്കേണ്ട കാര്യമില്ല. ചെമ്മണ്ണിലും വെട്ടുകല്ലിലും വളരും. തറയിൽ പരന്നു വളർന്നാലും ഇഴജന്തുക്കൾക്ക് ആശ്രയമാവില്ല. ആരു ചവിട്ടിയാലും സഹിക്കും. വാഹനം ഉരുണ്ടു കയറിയാൽപോലും ഏൽക്കുകയില്ല. ലഭ്യതയ്ക്കാണെങ്കിൽ ഒരു പ്രയാസവുമില്ല. എവിടെയും കിട്ടും.

ടൈൽസ് ഒഴിവാക്കി ഇങ്ങനെ പുൽച്ചെടികൾ നട്ടുപിടിപ്പിച്ച്, പച്ചപ്പുനിറച്ചിരിക്കുന്ന ജയ്-യുടെ വീട്ടിൽ ബഫലോ ഗ്രാസും, പേൾ ഗ്രാസുമൊക്കെ ചേർന്ന് ആകെയൊരു ചന്തമാണ്. ഇതിനുപുറമെ വിവിധ തരം പഴങ്ങളും, പച്ചക്കറികളും വീട്ടിലും തറവാട്ടിലും നട്ടുപിടിപ്പിച്ചിരിക്കുന്നു. ഓരോ മരത്തിൻറെയും പേര് അടയാളപ്പെടുത്തിയിട്ടുമുണ്ട്.

ഇത് ഒറ്റയാൾ ശ്രമമല്ല. ഭാര്യയും മൂന്നു പെൺമക്കളും ജയ്-ക്കൊപ്പമുണ്ട്. ചെടികളോടും മരങ്ങളോടുമുള്ള പരിലാളനയും മണ്ണിനോടുള്ള സ്നേഹവുമാണ് ഇവരുടെ ഈ ശ്രമങ്ങൾക്ക് ശക്തി പകരുന്നത്.

നിലംപരണ്ടയ്ക്കു സമീപം വീട്ടുടമ ജയ് ടി എബ്രഹാം

ചിത്രം: റിയ ചെറിയാൻ

ഹോർത്തൂസ് എന്ന ഹോപ്പ്

കണ്ടും കേട്ടും മിണ്ടിയും മനോരമ ഹോർത്തൂസ് സാഹിത്യോത്സവത്തിൽ ഞങ്ങളുമുണ്ടായിരുന്നു. ആറു വേദികളിലായി നടന്ന 150 സെഷനുകളിൽ ഞങ്ങളിൽ അഞ്ചു പേർക്ക് ആംഗർ ചെയ്യാൻ അവസരം ലഭിച്ചതും സാഹിത്യ വിശേഷങ്ങൾ പങ്കുവെച്ച ഹോർത്തൂസ് ദിനപത്രത്തിൽ ഞങ്ങളിലൊരാൾക്ക് മൂന്ന് ദിവസവും ബൈലൈൻ ലഭിച്ചതും അഭിമാനത്തോടെ ഓർക്കുന്ന ഒന്നാണ്. അതിഥികളെ സ്വീകരിക്കാനും, അവരെ വേദിയിലെത്തിച്ച് സെഷൻ അവസാനിപ്പിക്കുന്നത്തുവരെ അവർക്കു കൂട്ടായിയും മാസ്കോം വിദ്യാർഥികൾ ഹോർത്തൂസിനെ ഹൃദയത്തോടണച്ചു.

സാംസ്കാരിക കേരളത്തെ നവംബർ 1,2,3 തീയതികളിലായി കോഴിക്കോട് കടപ്പുറം ഏറ്റെടുത്തപ്പോൾ ഞങ്ങൾക്ക് മായ്ക്കാനാവാത്ത അനുഭവങ്ങളാണ് ലഭിച്ചത്. രാവും പകലും നോക്കാതെ ഒഴുകിയെത്തിയ ആസ്വാദകർക്കിടയിലൂടെ ഈ അക്ഷരോൽത്സവത്തിൽ ഞങ്ങൾ പങ്കാളികളായി.

മഞ്ഞയും വയലറ്റും ജെഴ്സി അണിഞ്ഞ ഞങ്ങൾ അവിടുത്തെ ഉദ്യാനപാലകരായി,

എല്ലാ വേദികളിലും ഓടിയെത്തി അവിടുത്തെ കാര്യങ്ങളിൽ സജീവ സാന്നിധ്യമായി.

അടുത്ത ഹോർത്തൂസിനുള്ള കാത്തിരിപ്പിലാണു ഞങ്ങൾ.

ഷെയിം ഷെയിം ബോഡി ഷെയിം

ബി എസ് നന്ദന



ശരീരത്തിന്റെ വലിപ്പച്ചെറുപ്പവും മുഖത്തിന്റെ നിറവും കണക്കാക്കി മനുഷ്യരെ അളക്കുന്ന പ്രവണതയാണത്രേ ബോഡി ഷെയ്മിംഗ്. മറ്റൊരാളെ അപമാനിക്കുന്ന രീതിയിൽ വായിൽ തോന്നുന്നതെല്ലാം വിളിച്ചു പറയാൻ ധൈര്യപ്പെടുന്ന ചിലർ അതിലൂടെ മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയാണ്.

തടിച്ചിരിക്കുന്നു, മെലിഞ്ഞിരിക്കുന്നു, കറുത്തിട്ടാണ് വെളുത്തിട്ടാണെന്നൊക്കെ പറയാൻ ഇന്ത്യൻ ഭരണഘടന അവകാശംകൊടുക്കാത്ത നമ്മുടെ നാട്ടിൽ ഇതൊക്കെ ഇപ്പോഴും എങ്ങനെ നടക്കുന്നുവെന്നാണ് ചിന്തിക്കേണ്ടത്. സ്ത്രീകളും പുരുഷന്മാരും ഒരുപോലെ ഇതിന് ഇരയാകുന്നുണ്ടെങ്കിലും ഒരു പടി മുന്നിൽ ഇതു നേരിടേണ്ടി വരുന്നത് സ്ത്രീകൾക്കാണ്.

നിറത്തിന്റെയും ശരീരത്തിന്റെയും പേരിൽ ഒരുപാടു സ്ത്രീകൾ അപമാനിക്കപ്പെടാറുണ്ട്, പുറത്തു പറയാൻ പോലും കഴിയാതെ ഉള്ളിലൊതുക്കി ആത്മഹത്യ എന്ന വഴി തിരഞ്ഞെടുക്കുന്നവരും നമുക്ക് ചുറ്റുമുണ്ട്. വിവാഹശേഷം ഭർത്താവിൽ നിന്നുപോലും ഇത്തരം കുത്തുവാക്കുക കേട്ട് മുറിവേറ്റ മരണത്തിനു കീഴടങ്ങിയ എത്ര സ്ത്രീകളെ നമ്മൾ കണ്ടു. കുറ്റകൃത്യമായി കണക്കാക്കാവുന്ന ഈ പ്രവണതയ്ക്കെതിരെ അധികമാരുംതന്നെ പരാതിപ്പെടാറില്ല. പൊലീസുകാർക്കു പോലും ഇതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്നത് കുറവാണെന്ന് മനസ്സിലാക്കണം. എന്നാൽ ചില ശിക്ഷാനടപടികൾ ഇതിനെതിരെ നിയമം അനുശാസിക്കുന്നുണ്ട്.

ഐ പി സി 498 എയുടെ അടിസ്ഥാനത്തിൽ സ്ത്രീയുടെ മാനസികമോ ശാരീരികമോ ആയ ആരോഗ്യത്തിന് ഹാനികരമായ പെരുമാറ്റത്തിന്റെ ഭാഗമാണ് ബോഡി ഷെയിമിംഗ് എങ്കിൽ ഈ വകുപ്പിന്റെ അടിസ്ഥാനത്തിൽ അതൊരു കുറ്റമായി കണക്കാക്കാം. സെക്ഷൻ 509, 354 വകുപ്പുകളും സ്ത്രീകൾ അപമാനിക്കപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കെതിരെ പ്രായോഗികമാണ്. സൈബർ ആക്രമണം നേരിടേണ്ടി വരുന്നവർക്ക് ഇതിനെതിരെ നിയമസഹായം ലഭിക്കുന്നതാണ്. ചില സന്ദർഭങ്ങളിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ (ഇപ്പോൾ ഭാരതീയ ന്യായ സംഹിത) സെക്ഷൻ 498A പ്രകാരം, ഒരു സ്ത്രീയുടെ ഭർതൃവീട്ടുകാർ നടത്തുന്ന ബോഡി ഷെയ്മിംഗ് ഗാർഹിക പീഡനമായി കണക്കാക്കാം.

ബോഡി ഷെയ്മിംഗ് കാര്യമായ മാനസികമോ ശാരീരികമോ ആയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെങ്കിൽ ഇത് പ്രത്യേകിച്ചും സത്യമാണ്. ബോഡി ഷെയ്മിംഗ് ഒരു സാമൂഹിക പകർച്ചവ്യാധിയായി വിശേഷിപ്പിക്കാം, കാരണം അതിന്റെ വേരുകൾ ഒരു വ്യക്തിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല.

സമൂഹത്തിൽ നിന്ന് അത്തരമൊരു തിന്മയെ തുടച്ചുമാറ്റാൻ നമുക്ക് ചെയ്യാൻ കഴിയുന്നത്, ഒരു വ്യക്തി എന്ന നിലയിൽ പരസ്പരമുള്ള അവകാശങ്ങൾ, കടമകൾ എന്നിവയെക്കുറിച്ചും സമൂഹത്തിന് മൊത്തത്തിലുള്ള അവബോധം നൽകുക എന്നതാണ്.

നമ്മളെ ആരെങ്കിലും വേദനിപ്പിച്ചാൽ അവരെ ചെറുത്തുനിൽക്കാൻ നിയമസഹായം ഉള്ളപ്പോൾ ആത്മഹത്യ എന്നതൊരു മണ്ടൻ തീരുമാനമാണ്.

ഒരാൾ തടിച്ചാലും മെലിഞ്ഞാലും അവർക്കുണ്ടാകുന്ന മാറ്റങ്ങൾ സമൂഹം പറഞ്ഞു കൊടുക്കേണ്ട കാര്യമില്ല. അത് തിരിച്ചറിയാനും മനസ്സിലാക്കാനുമുള്ള ഓരോരുത്തർക്കും ഉണ്ട്. സമൂഹം പറയുന്നത് കേട്ട് ഭയപ്പെട്ടിരിക്കാതെ ഉള്ളതുകൊണ്ട് അഭിമാനിക്കുകയാണ് ഓരോരുത്തരും ചെയ്യേണ്ടത്. മറ്റുള്ളവരെ കളിയാക്കുന്നത് തമാശയായി എടുക്കുന്നവരാണ് പലരും. എന്നാൽ ഒരുനാൾ അവരും ആ അവസ്ഥയിലൂടെ കടന്നു പോകണമെന്ന് അവർ ചിന്തിക്കുന്നില്ല. അത്തരം ആളുകളുടെ വാക്കുകൾ കേട്ട് കൂനി കൂടി ഇരിക്കാതെ പ്രതികരിക്കുമ്പോൾ ഈ സമൂഹം മാറുക തന്നെ ചെയ്യും.

ഈരയിൽ കടവ് പാലം

ഈരയിൽ കടവ് ജങ്ഷൻ

കുഴിയുണ്ട്, സൂക്ഷിക്കുക

നിള സതീഷ്

മഴക്കാലം എത്താറായിട്ടും അതിനുമുൻപുള്ള ശുചീകരണം എങ്ങും എത്തിയിട്ടില്ല. ഓടകൾ വൃത്തിയാക്കുന്ന ജോലി പല സ്ഥലങ്ങളിലുംമുടങ്ങികിടക്കുന്നു.

അതുപോലെ നിരവധി സ്ഥലങ്ങളിൽ ഓടകളുടെയും നടപ്പാതകളുടെയും സ്ലാബുകൾ ഇളകിക്കിടക്കുകയാണ്. നഗരത്തിലെ നടപ്പാതകളുടെ സ്ഥിതി തികച്ചും പരിതാപകരമാണ്.നാഗമ്പടത്തെ നടപ്പാത കാൽനടയാത്രക്കാരെ അപകടത്തിലേയ്ക്ക് തള്ളി വിടുന്നു. വെള്ളക്കെട്ടുണ്ടാകുമ്പോൾ റോഡും കാനയും തമ്മിൽ തിരിച്ചറിയാനാകാത്ത അവസ്ഥയാണ് കോട്ടയം ഈരയിൽ കടവിൽ.

നാഗമ്പടം

ചരിത്രം കുറിച്ച് വനിതാവക്കീൽപട

ഗീതു മോഹൻ

പാലാ ബാർ അസോസിയേഷനിൽ സ്ത്രീകളുടെ പാനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

ചിത്രം : ഗീതു മോഹൻ

രാജ്യത്ത് ആദ്യമായി ഒരു ബാർ അസോസിയേഷൻ ഭരണസമിതിയെ സ്ത്രീകൾ നയിക്കുന്നു അതും നമ്മുടെ കൊച്ചു കേരളത്തിൽ.

343 അംഗങ്ങളിൽ വെറും 73 സ്ത്രീകൾ മാത്രമുള്ള പാലാ ബാർ അസോസിയേഷനിൽ നിന്നാണ് ഈ പതിനഞ്ചംഗ ഭരണസമിതി രൂപീകരിച്ചത്.

നീതിയെ ദേവതയായാണ് ഇന്ത്യൻ നിയമ സംഹിത കണ്ടിട്ടുള്ളതെങ്കിലും അതിൽ സ്ത്രീകളുടെ പങ്കാളിത്തം കാലമിത്ര കഴിഞ്ഞിട്ടും മെച്ചപ്പെട്ടില്ല.

പീഠങ്ങൾ അലങ്കരിച്ച സ്ത്രീകളും എണ്ണവും നിയമോപദേശം ഉപാധിയാക്കിയവരും എന്തിനേറെ നിയമാവകാശത്തിനായി ജുഡീഷ്യറിയെ സമീപിച്ച സ്ത്രീകൾ പോലും എണ്ണത്തിൽ കുറവാണ്.

ഈ സാഹചര്യം നിലനിൽക്കെ അടുത്തിടെ ഇറങ്ങിയ ബാർ അസോസിയേഷനുകളിൽ മൂന്നിലൊന്ന് സ്ത്രീകൾ വേണമെന്ന നിർദേശത്തെ മറികടന്നുകൊണ്ടാണ് ഈ പെൺപടയെ അസോസിയേഷൻ നയിക്കാൻ തിരഞ്ഞെടുത്തത്.

പാനലിന്റെ പ്രസിഡന്റ് ഉഷ മേനോൻ ഈ ചരിത്ര വിജയത്തിനെ കുറിച്ച് സംസാരിക്കുന്നു.

ചോദ്യം: സ്ത്രീകൾക്കായുള്ള ഒരു പാനൽ എന്ന ആശയം സാധ്യമാകും എന്ന് എപ്പോഴാണ് തോന്നിയത്?

ഉ: സാധ്യമാകും എന്ന രീതിയിലല്ല അത് പ്ലാൻ ചെയ്തത്. ഇലക്ഷൻ ഡിക്ലയർ ചെയ്തപ്പോൾ ഞങ്ങളുടെ തന്നെ ലേഡീസ് അസോസിയേഷൻ ആണ് 'നമുക്ക് എന്തുകൊണ്ട് ഇങ്ങനെ ഒരു പാനൽ ആയികൂടാ എന്ന നിർദേശം മുന്നോട്ട് വച്ചത്. അത് എല്ലാവരും സ്വീകരിക്കുകയും അവിടെ വച്ച് തന്നെ നോമിനേഷൻ പൂരിപ്പിക്കുകയുമായിരുന്നു.

ചോദ്യം: സ്ത്രീകളിൽ നിന്നു മാത്രമല്ലല്ലോ ഈ ആശയത്തിന് പിന്തുണ ലഭിച്ചത്. അത് മറ്റൊരു തരത്തിൽ വലിയ വിജയമല്ലേ?

ഉ: അതെ തീർച്ചയായും അങ്ങനെ വേണം കരുതാൻ. നിലവിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മാത്രമാണ് തിരഞ്ഞെടുപ്പ് നടന്നത് മറ്റു സ്ഥാനങ്ങളിൽ മത്സരിക്കാൻ ഒരുങ്ങിയ പുരുഷന്മാർ നോമിനേഷൻ പിൻവലിക്കുകയായിരുന്നു. ഇത്തവണ അങ്ങനെ ഒരു പാനൽ വന്നു നോക്കട്ടെ എന്ന തരത്തിലായിരുന്നു അവരുടെ പിൻവാങ്ങൽ. അത് ഈ ആശയത്തിന്റെ
സ്വീകാര്യതയാണ്.

***ചോദ്യം: ഇത്തരം പിന്തുണകൾ പാനലിന്റ ഉത്തരവാദിത്വം കൂട്ടുകയല്ലേ. ആദ്യമായി ഇങ്ങനെ ഒരു പാനലിന്റെ നേതൃസ്ഥാനത്തേക്ക് വരുമ്പോൾ എങ്ങനെ
കാണുന്നു?***

ഉ: ഉത്തരവാദിത്തം എങ്ങനെയായാലും ഉണ്ട്. അസോസിയേഷന്റെ ഭരണം കാര്യക്ഷമമായി നിർവഹിക്കേണ്ട ചുമതല പ്രസിഡന്റ് സ്ഥാനവഹിക്കുമ്പോഴുണ്ട്. പിന്നെ സ്ത്രീകളുടെ ഭരണസമിതി സമിതി അതും ആദ്യമായി വരുന്നു ഇത്രയും ജനശ്രദ്ധ ഒക്കെ കിട്ടിയതുകൊണ്ടൊക്കെ എല്ലാവരും ശ്രദ്ധിക്കുന്ന രീതിയുണ്ട്. ഒരുപാട് പ്രതീക്ഷ അർപ്പിക്കുന്നുണ്ട്, അത് ചുമതല കുറച്ചുകൂടി കൂട്ടുന്നു അത്രമാത്രം.

ചോദ്യം: ജുഡീഷ്യൽ സംവിധാനത്തിൽ സ്ത്രീ ജഡ്ജുമാരുടെ കുറവ് വലിയ രീതിയിൽ ചർച്ച ചെയ്യപെട്ട വിഷയമാണ്. അതിനെ കുറിച്ചുള്ള അഭിപ്രായം?

ഉ: ജുഡീഷ്യൽ സെലക്ഷൻ ഒരു വലിയ പ്രോസസ്സാണ്. അതിൽ സ്ത്രീ-പുരുഷ വേർതിരിവുകൾ ഉണ്ടെന്ന് പറയാനാവില്ല. കഴിവുള്ളവർ കയറി പോകുന്നു അങ്ങനെയേ അതിനെ കാണാൻ സാധിക്കൂ. മറ്റൊന്നും ഉണ്ടെന്ന് തോന്നുന്നില്ല

ലഹരിയിലലിഞ്ഞ് റാപ്....

അസ്ന അഷ്റഫ്

സമൂഹത്തിലെ അനീതിക്കെതിരെയുള്ള പ്രതിഷേധം ആദ്യം കലയിലൂടെ പുറത്തുവന്നത് കുഞ്ചൻ നമ്പ്യാരുടെ ഓട്ടൻ തുള്ളലിലൂടെയാണ്. മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം പുതുതലമുറ ആ പ്രതിഷേധം റാപ്പിലൂടെ ആഘോഷിക്കുന്നു. അങ്ങനെ റാപ് ഒരു സംഗീത വിപ്ലവമായി മാറിയിരിക്കുന്നു.

2009-ൽ രൂപം കൊണ്ട സ്ട്രീറ്റ് അക്കാഡമിക്സ് എന്ന ഹിപ്പ്ഹോപ്പ് കൂട്ടായ്മയെയാണ് മലയാളം റാപ്പിന്റെ തുടക്കക്കാർ . പിന്നീട് കോവിഡ് കാലഘട്ടത്തിൽ കോട്ടയം സ്വദേശികളായ തിരുമാലിയുടെയും , ഫെജോയുടെയും റാപ്പ് ഗാനങ്ങൾ ജനപ്രീതി നേടി തുടങ്ങി.

തിരുമാലിയുടെ "മലയാളി ഡാ" യും ഫെജോയുടെ "വേറെ ലെവൽ" ലും മലയാളികൾക്കിടയിൽ തരംഗം സൃഷ്ടിച്ചു. വേടനും , ഡബ്സിയും അവരുടെ ശക്തമായ സംഗീതത്തിലൂടെ യുവാക്കളുടെ മനസ്സിൽ ആഴമുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്.

2025 - ൽ ഹനുമാൻകൈൻഡിന്റെ "ബിഗ് ഡോഗ്സ്" എന്ന ഗാനവും ആഗോള തലത്തിൽ ശ്രദ്ധനേടി. ഇൻസ്റ്റഗ്രാം റീലുകളും സ്പോട്ടിഫൈ പോലുള്ള സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും മലയാളം റാപ്പിന്റെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ചു എന്നത് മാറ്റൊരു വാസ്തുത.

സിനിമ, റാപ്പിങ് എന്നിവയെല്ലാം ചർച്ചാവിഷയമാകുമ്പോൾ ഈ മേഖലയിലെ മയക്കുമരുന്നിന്റെ ഉപയോഗം പലപ്പോഴും വിവാദമായി ഉയരാറുണ്ട്. മനസ്സിന്റെ പരിധികൾ താണ്ടി സൃഷ്ടിയുടെ ലോകത്തിലേക്ക് കടക്കുവാൻ ചിലർക്ക് മയക്കുമരുന്ന് മാർഗമാകാറുണ്ട്. ഇന്നാൽ ഇതിൽ എന്തെങ്കിലും അടിസ്ഥാനം ഉണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

മയക്കുമരുന്ന് വകഭേദമായ സൈക്കഡെലിക്കുകൾ (എൽഎസ്ഡി മുതലായവ) ചിലർക്കു വ്യത്യസ്തമായ ബോധാവസ്ഥ പ്രദാനം ചെയ്യുന്നു. ഈ ബോധാവസ്ഥയിൽ ഒരു വ്യക്തിയുടെ സർഗ്ഗാത്മകത വർദ്ധക്കുന്നു ഇതിലൂടെ പുതിയ ആശയങ്ങൾ ഉടലെടുക്കാൻ സാധ്യത ഉണ്ടെന്നും ഗവേഷണങ്ങൾ പറയുന്നു. റാപ്പിങിലും ഇതായിരിക്കണം സംഭവിക്കുന്നത്.

കേരളം പോലെ സാംസ്കാരികമായി സമൃദ്ധമായ സംസ്ഥാനത്ത് കലാസൃഷ്ടിക്കായുള്ള പ്രചോദനം നമ്മുടെ പ്രകൃതിയിലും സംസ്കാരത്തിലും സമൂഹത്തിലുമുണ്ട്. അതല്ലാതെ അതിനു ബദലായി മയക്കുമരുന്നുകളുടെയും മറ്റു ലഹരിയുടെയും ചുവടു പിടിക്കുന്നവർ അതിന്റെ ദുഷ്പ്രഭാവം പൂർണമായി മനസ്സിലാക്കുന്നില്ല എന്നുള്ളതാണ് സത്യം.

താൽക്കാലികമായുള്ള "ഹൈ" അനുഭവത്തിന് വേണ്ടി റാപ്പ് അടക്കമുള്ള കലയെയും കഴിവിനെയും കൂട്ടുപിടിച്ചു മയക്കുമരുന്ന് ഉപയോഗത്തെ ന്യായീകരിക്കുന്നു.

മുൻകാലത്തും പല റാപ്പർമാർ കലാകാരന്മാർ ഇത്തരം
മാർഗങ്ങൾ കൈകൊണ്ടിരുന്നുവെന്ന് പറയുന്നു എന്നാൽ ഇന്നത്തെ കേസുകൾ ഒരു സാമൂഹിക പ്രശ്നമായി മാറുകയാണ്. കഴിഞ്ഞ മാസം നടന്ന വേടന്റെ അറസ്റ്റ് ഇതിനുള്ള ഉത്തമ ഉദാഹരണമാണ്.

യഥാർഥത്തിൽ കലയെ സംരക്ഷിച്ചുകൊണ്ടുള്ള ആരോഗ്യപരമായ സമീപനമാണ് വേണ്ടത്. അതിനായി റാപ്പർമാർ അടക്കമുള്ള കലാകാരന്മാർ മുൻകയ്യെടുക്കണം.

കല ജനങ്ങളിലേയ്ക്ക് നന്മയുടെയും സന്തോഷത്തിന്റെയും മാതൃക പകരണം. സമൂഹത്തിലെ നന്മ തിന്മകളെ വേർതിരിക്കാൻ കലയ്ക്ക് സാധിക്കണം. കല പ്രചോദനവും പ്രകോപനവുമാകാം. അതിനാൽ ശരിയെ ഉൾക്കൊണ്ട് തെറ്റിനെ അകറ്റി നിർത്താൻ യുവതലമുറയടക്കമുള്ള സമൂഹം ശ്രമിക്കണം.

MANORAMA
ഹോർത്തുസ്

'ഹോർത്തൂസ്
പഴയ
ഹോർത്തൂസല്ല'

പുതിയ രൂപത്തിൽ.....
പുതിയ ഭാവത്തിൽ.....
വേമ്പനാടിന് ഇമ്പമാവാൻ ഹോർത്തൂസ്
വേമ്പനാടിന്റെ തീരത്ത്.

റിട്ടയേർഡ് ലൈഫ് ഈസ് ബ്യൂട്ടിഫുൾ

അമല അനിൽ

കോട്ടയം● ഒരു പുരുഷായുസ്സ് മുഴുവൻ കേരള പൊലീസിനു വേണ്ടി നിലകൊണ്ടവർ. ജനിച്ചു നാലാം മാസം മുതൽ കൂട്ടായി മാറിയവർ. കോട്ടയം കെ-9 ഡോഗ് സ്ക്വാഡിലെ അരുമയായ ട്രാക്കർ നായ്ക്കൾ ജിൽ, അപ്പു.

2014,15 വർഷങ്ങളിലായി തൃശ്ശൂർ പൊലീസ് അക്കാദമിയിൽ നിന്നാണ് ഇരുവരും കോട്ടയത്തേക്ക് ഹാൻഡ്ലർമാരോടൊപ്പം സർവീസിലെത്തിയത്. പത്തു വർഷത്തിലധികം സേവനമനുഷ്ഠിച്ച അപ്പുവും ജില്ലും കഴിഞ്ഞ ദിവസമാണ് പൊലീസ് സേനയിൽ നിന്ന് വിരമിച്ചത്.

ലാബ്രഡോർ, റിട്രീവർ ഇനങ്ങളിൽപ്പെട്ട പൊലീസ് നായ്ക്കളായ ഇവർ പിരിഞ്ഞുപോകുമ്പോൾ അവരുടെ ഓർമകളിൽ ഇന്നും ജീവിക്കുകയാണ് ഉറ്റചങ്ങാതിമാരും, സ്നേഹനിധികളായ സ്വന്തം ഹാൻഡ്ലർമാർമാരും.

സംസ്ഥാനത്തെ ഏറ്റവും മുതിർന്ന നായയാണ് ജിൽ. ഈ വർഷത്തെ ഏറ്റവും മികച്ച പൊലീസ് നായ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ പതക്കം മുഖ്യമന്ത്രിയിൽ നിന്ന് കരസ്ഥമാക്കിയതും മിടുക്കനായ ജില്ലാണ്.

ജില്ലിന്റെ ഹാൻഡ്ലർമാർ എ.എസ്.ഐ ബിജു കുമാറും, എസ്.ഐ എം.എ അനിൽ കുമാറുമാണ്. 12 വയസ്സുകാരനായ ജില്ലിന്റെ ഔദ്യോഗിക നാമം സ്റ്റോം എന്നാണ്. അന്നത്തെ കോട്ടയം എസ്.പി ദിനേശ് ഐ.പി.എസ് ആണ് സ്റ്റോമിന്, ജില്ലെന്ന കുട്ടിത്തം നിറഞ്ഞ വിളിപേരു നൽകിയത്.

മൂന്നു തവണ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഹരിയാന, പഞ്ചാബ്, ചെന്നൈ എന്നിവിടങ്ങളിലെ ദേശീയ മീറ്റിൽ പങ്കെടുത്തിട്ടുള്ള പൊലീസ് നായയാണ് ജിൽ. 10 വയസ്സാണ് സാധാരണ പൊലീസ് നായ്ക്കളുടെ വിരമിക്കൽ പ്രായം. എന്നാൽ, വിരമിക്കൽ പ്രായപരിധി പിന്നിട്ട്, രണ്ട് തവണ ഡി - കമ്മിഷനിങ്ങിലൂടെ സേവനം ദീർഘിപ്പിച്ച ശേഷമാണ് ജിൽ എന്ന മിടുക്കൻ നായ സേനയിൽ നിന്ന് വിരമിക്കുന്നത്. ഇതിനോടകം കോട്ടയത്തെ സുപ്രധാന ചില കേസുകളിൽ പ്രതിയെ കണ്ടെത്താനും, തെളിവുകളിലേക്ക് പോലീസിനെ എത്തിക്കാനും ജില്ലിനു സാധിച്ചിട്ടുമുണ്ട്.

അപ്പുവിന്റെ ഔദ്യോഗിക പേര് രവി എന്നാണ്. 2016ലായിരുന്നു അപ്പുവിന്റെ പാസ്സിങ് പരേഡ് നടന്നത്. ആറു വർഷങ്ങൾക്ക് മുൻപ് നടന്ന പാസ്സിങ് പരേഡ് പരിശീലനത്തിനടിയിൽ നട്ടെലിനു പരിക്ക് പറ്റി, വലതു കാൽ തളർന്നിരുന്നു. എന്നാൽ, ഹാൻഡ്ൽമാരായ എഎസ്ഐ ടി. ശ്രീകുമാർ, സീനിയർ സിപിഒ സുനിൽകുമാർ എന്നിവരുടെ കൃത്യമായ പരിചരണത്തിൽ അപ്പു വീണ്ടും സേനയിലെ മിടുക്കനായ ട്രാക്കർ നായയായി തിരിച്ചെത്തുകയായിരുന്നു.

ഏറ്റുമാനൂർ ലാപ്ടോപ് മോഷണ കേസിൽ പ്രതിയെ കണ്ടുപിടിച്ചത് അപ്പുവായിരുന്നു. വളരെ ശ്രദ്ധാപാടവവും ബുദ്ധി വൈഭവവുമുള്ള നായയാണ് അപ്പു. പ്രായാധിക്യ ബുദ്ധിമുട്ടുകൾ ഉള്ളതിനാലും, വിരമിക്കൽ പ്രായം എത്തിയതിനാലുമാണ്, അപ്പുവും സേനയിൽ നിന്ന് വിരമിക്കുന്നത്.

ജില്ലിനെ അവന്റെ പ്രിയപ്പെട്ട ഹാൻഡ്ലർ ബിജു കുമാർ വിരമിക്കലിനു ശേഷം പ്രത്യേക ശുപാർശയിലൂടെ ഏറ്റെടുക്കുകയിരുന്നു. ഇപ്പോൾ ബിജു കുമാറിന്റെ വീട്ടിൽ കുസൃതി നിറഞ്ഞ അരുമയായി ജിൽ മാറിയിരിക്കുകയാണ്. അപ്പുവിന്റെ ആരോഗ്യ സ്ഥിതിയിൽ കുറച്ചധികം പരിചരണം ആവശ്യമായതിനാൽ അവനെ തൃശ്ശൂരിലുള്ള പൊലീസ് അക്കാദമിയുടെ 'വിശ്രാന്തി'യിൽ മാറ്റിയിരിക്കുകയാണ്. അപ്പുവും, ജില്ലും ഹാപ്പി ആണെങ്കിലും അത്രനാളുവരെ അവരോടൊപ്പം കഴിഞ്ഞ കൂട്ടുകാരെയും, മറ്റ് പ്രിയപ്പെട്ടവരെയും പിരിഞ്ഞ വിഷമം അവർക്കുള്ളിലുണ്ടെന്ന് അവരെ അത്രത്തോളം അടുത്തറിഞ്ഞ ഹാൻഡലർമാർ പറയുന്നു.

സേവനത്തിൽ നിന്ന് വിരമിച്ചാലും അവർ ബാക്കിവച്ചുപോയ ഓർമകളും, മികവുറ്റ സർവീസ് ചരിത്രവും ഒരിക്കലും മറക്കാനാകുന്നതല്ല.

പൊലീസ് സർവീസിൽ നിന്ന് വിരമിച്ച അപ്പു, ജിൽ എന്നീ പൊലീസ് നായ്ക്കൾ

സംസ്ഥാനത്തെ മികച്ച പൊലീസ് നായയ്ക്കുള്ള അവാർഡ് മുഖ്യമന്ത്രി പിണറായി വിജയൻ ജില്ലിനു സമ്മാനിക്കുന്നു

" കഡാവർ ഡോഗ്സ്, ട്രാക്കർ ഡോഗ്സ്, നർക്കോട്ടിക് ഡോഗ്സ്, റെസ്ക്യൂ ഡോഗ്സ് അങ്ങനെ പല വിഭാഗത്തിലുള്ള നായകളാണ് കേരള പോലീസിലുള്ളത്. വയനാട് ദുരന്തത്തിന്റെ സമയത്ത് കഡാവർ നായകളും അവിടെ മൃതദേഹങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഉണ്ടായിരുന്നു. കോട്ടയം കെനിയൻ ഡോഗ് സ്ക്വാഡിൽ നിലവിൽ ട്രാക്കർ ഡോഗ്സ് മാത്രമാണ് ഉള്ളത്. ജില്ലും, അപ്പുവും സംസ്ഥാനത്തെ തന്നെ മികച്ച ട്രാക്കർ നായ്ക്കളായിരുന്നു. അവരുടെ വിരമിക്കൽ സംസ്ഥാന പൊലീസ് സേനയുടെ തന്നെ വലിയ നഷ്ടമാണ്."

– എ.എസ്.ഐ ബിജു കുമാർ